# A.K.P.C.T.A

Vol. 1 No.

MARCH 1969

Price 50

# Quarterly

## CONTENTS

Editorial

കുഴപ്പത്തിന്നു കാരണം രാഷ്ട്രീയമോ? അരാഷ്ട്രീയമോ?

—പി. ടി. ഭാസ്കരപ്പണിക്കർ.

Some Essentials of Democracy —V. R. Krishna Iyer

സ്മരണകൾ —ജോസഫ് മുണ്ടശ്ശേരി

Changing Social Scene—The Writer & the Reader

—C. A. Kunhappa

Staff Participation in College Administration

—C. Z. Scariah

സർവ്വകലാശാലാബില്ല് അദ്ധ്യാപകരുടെ നില മെച്ചപ്പെടുത്തുകയില്ല!

Retirement Benefits for teachers in Private Colleges

G. O. amending Grant-in-Aid Code

Text of memorandum to Education Minister

Agreement between Staff & Management of the Iqbal College

Memorandum to the P. V. C., Calicut University by

Oriental Language Teachers

Annual Report of the Association

Inadequacy of the provisions relating to conditions of services of Private College Teachers in the Kerala University Bill

—Opinion of Sri V. K. Krishna Iyer and Sri S. Narayana Poti

Letter of assurance from the Secretary for Education, Govt. of Kerala, on the Demands of the Association.

*Editorial Advisory Committee*

Panampilly Govinda Menon
P. T. Bhaskara Panicker
N. V. Krishna Wariar
K. M. Cheriyan
Joseph Mundassery

*Managing Committee*

CHAIRMAN:

V. R. Subrahmaniam
St. Thomas' College, Trichur.

MEMBERS:

C. Z. Scariah
St. Berchmans' College, Changanassery.

C. A. Sheppard
St. Joseph's College, Calicut.

R. Ramachandran Nair
N. S. S. College, Ottappalam.

C. K. Sivarama Pillai
Sree Sankara College, Kalady.

I. G. Bhaskara Panicker
Guruvayurappan College, Calicut.

K. P. Sebastian
Mar Ivanios College, Trivandrum.

C. P. Narayanan
Malabar Christian College, Calicut.

N. Rajasekharan Nair
Sree Narayana College, Quilon.

*Edited, Printed and Published by V. R. Subrahmaniam, M. A., St. Thomas' College, Trichur, at Neo Saraswathi (Elec.) Printing Works, Trichur, for A. K. P. C. T. A.*

# EDITORIAL

A great epoch has been made in the history of higher education here with the passing of the Kerala University Bill. Obviously, no other bill in recent times has evoked so much of keen interest on all hands or provoked so much of controversy. A little less than six hundred amendments were moved and approved by the select committee. The first and second readings of the Bill engaged the Legislature for about twenty-five hours.

The Bill, since it was first introduced underwent a thorough overhauling and the outstanding features of the Bill are the creation of an Academic Council; statutory provisions for safeguarding the service conditions of teachers of Private colleges; setting up of governing bodies and managing councils with a government nominee and a university representative for Private colleges; power for government to authorise the University to manage any erring Private College for a period of two years.

The government promised to ensure fair and justiciable service conditions and we are now grateful that the government have been as good as their word. Indeed, had it not been for the imagination and active interest of the Education Minister and the Select Committee, Chapter VIII (about the service conditions of private college teachers) would not, perhaps, have seen the light of day.

We have good reason to be immensely gratified; it would however be unreasonable and unwise to relax or to rest on our oars. Elections under the new bill will be held soon after the Governor's assent is obtained and the statutes are formulated. It is time that we rearranged our ranks and consolidated our strength by way of bracing ourselves to the imminent elections. No doubt, attempts will be made to break up our ranks so that the 'anti-teacher' forces find their way into the University bodies in such numbers as to over power us. The situation calls for the greatest alertness and we have to stand together at all costs.

The Kerala University Bill has its jurisdiction only over the five southern districts of the State. We are sure, the government will take early steps to pass a similar bill for the Calicut University also. We are confident that the salient provisions in the Kerala University Bill will find place in the Calicut University Bill as well.

# കുഴപ്പത്തിനു കാരണം ‘രാഷ്ട്രീയ’മോ, ‘അരാഷ്ട്രീയ’മോ?

— പി. ടി. ഭാസ്കരപ്പണിക്കർ —

> ഉജ്ജ്വലമായ മനുഷ്യത്വത്തിനും സോഷ്യലിസ്റ്റ് മൂല്യങ്ങൾക്കുംവേണ്ടി നിലകൊള്ളുന്ന കോളേജ് അധ്യാപകരുടെ എണ്ണക്കുറവും, അവരുടെതന്നെ അരാഷ്ട്രീയ (Non-political) ചിന്താഗതിയുമാണ് ഇന്നത്തെ ഉപരിവിദ്യാഭ്യാസസംഘടനയിലെ പ്രധാന ദൌർബല്യങ്ങൾ.

ഇന്നു കോളേജുകളിൽക്കാണുന്ന അച്ചടക്കലംഘനത്തിനു കാരണം രാഷ്ട്രീയം അങ്ങോട്ടു പ്രവേശിച്ചതാണെന്നു ഗവർണ്ണർ മുതൽ ചോൽക്കാരൻ വരെ പറയാൻ തുടങ്ങിയിരിക്കുന്നു. പണ്ടും ഇതേ പല്ലവി കേൾക്കാമായിരുന്നു, ദേശീയപ്രസ്ഥാനത്തിന്റെ ശക്തി അത്യുന്നതമായിരുന്ന കാലത്ത്. പുതിയ യൂനിവേർസിററി നിയമം അസംബ്ലിയിലവതരിപ്പിച്ചതോടുകൂടി, അതിനെ എതിർക്കുന്നവരുടെ കയ്യിലുള്ളൊരു വാദമുഖവുമായിരിക്കുന്നു അതു്. ബിഷപ്പും ശങ്കരം കിടങ്ങൂരും ഇതിന്മേലാണിപ്പോൾ തങ്ങളുടെ ഐക്യമുന്നണി രൂപീകരിച്ചിരിക്കുന്നതു്.

വാസ്തവമെന്താണ്? ഇതുവരെയായി യൂനിവേർസിററികളിൽ വിശേഷിച്ചും വളരെ പിൻതിരിപ്പനായൊരുതരം രാഷ്ട്രീയമാണുണ്ടായിരുന്നതു്. സ്വന്തക്കാർക്ക് കസാലകൾ നൽകാൻ പററിയ രീതിയിലും, വർഗ്ഗീയവാദികൾക്കു പുതിയ കോളേജുകൾ ലഭിക്കാൻ പററിയ രീതിയിലും, തങ്ങളുടെ സന്തതികൾക്കു ക്ലാസ്സും ഡിസ്റ്റിങ്ങ്ഷനും നേടിക്കൊടുത്തു വലിയ ഉദ്യോഗങ്ങളിലേക്കു ആയാസരഹിതം കടന്നുകൂടാൻ വേണ്ട രീതിയിലും, യൂനിവർസിററികൾക്കുള്ളിൽ, ഈ രാജ്യത്തെ പിന്നോക്കം വലിച്ചുകൊണ്ടുപോകുന്നവരുടെ രാഷ്ട്രീയം ശക്തിപ്പെട്ടുനിൽക്കുകയായിരുന്നു. അതിനെ എതിർക്കാനിവിടെ ആക്കും ഇതുവരെ നാവുപൊന്തിയില്ല. ഇപ്പോൾ, യൂനിവർസിററിയുടെ ഘടനയാകെ മാററിത്തീർക്കുമെന്ന മട്ടിലായപ്പോളാണ്, സർവ്വ പിൻതിരിപ്പന്മാരുംകൂടി രാഷ്ട്രീയത്തിന്റെ പേരിലണിനിരക്കുന്നതു്. കേരളത്തിലെ പിൻതിരിപ്പൻ രാഷ്ട്രീയത്തിന്റെ മുഖം അവിടെക്കാണാം.


## വർഗ്ഗീയതയുടെ മുരടറുക്കണമെങ്കിൽ....

വർഗ്ഗീയതക്കെതിരായ സമരം നടത്തിയാലെ ദേശീയോൽഗ്രഥനം സാധ്യമാകൂ എന്നു നമ്മുടെ നേതാക്കൾ പറയുന്നു. അതേസമയം, യൂനിവർസിററികൾ, വർഗ്ഗീയതയുടെ വിളനിലമാകുന്നു. ബനാറസ് യൂനിവർസിററിയിൽ ആർ. എസ്. എസ്സിനു പ്രത്യേകം സൗജന്യങ്ങൾ നൽകപ്പെട്ടിരിക്കുന്നു; കേരളാ യൂനിവർസ്വററിയിൽ, ക്രിസ്ത്യൻ മാനേജുമെൻറിന്നാണ് കൂടുതൽ പിടുത്തമുള്ളതെന്നു അങ്ങാടിപ്പാട്ടാണ്; പുതുതായി സ്ഥാപിച്ച കലിക്കററ് യൂനിവർസിററിയിൽ ഒരു ‘മുസ്ലിം’ തന്നെ വൈസ്ചാൻസലറാകണമെന്നു ലീഗുമന്ത്രിക്കു അതീവ താൽപര്യമുണ്ടത്രെ. (നല്ല മട്ടാവും ഇങ്ങിനെപ്പോയാൽ!) ഈ വർഗ്ഗീയതക്കെല്ലാം ഇവിടത്തെ പിൻതിരിപ്പന്മാർ കൂട്ടുനില്ക്കും. അതേസമയം വർഗ്ഗീയതക്കെതിരായി, രാഷ്ട്രീയപ്രവർത്തകരോ, അല്ലെങ്കിൽ കോളേജദ്ധ്യാപകരോ, അതുമല്ലെങ്കിൽ വിദ്യാർത്ഥികളോ എന്തെങ്കിലും പറഞ്ഞാലോ, അതു വലിയ പരാതിയുമായി.

വർഗ്ഗീയതയെ തോൽപിക്കാൻ ഒരൊററ ശക്തിക്കേ കഴിയൂ—അതാണ് രാഷ്ട്രീയശക്തി. രാഷ്ട്രത്തെ പ്രധാനമായിക്കാണുക, രാഷ്ട്രപുരോഗതി മുഖ്യമായിക്കാണുക, വിഭാഗീയചിന്താഗതികളെ എതിർക്കുക, വളരുന്ന തലമുറയെ പഴയ ഇടുങ്ങിയ പന്ഥാവിൽനിന്നു വിടുർത്തി പുതിയതും പുരോഗമനപരവുമായ വഴിക്കു നയിക്കുക—ഇതെല്ലാം രാഷ്ട്രീയനേതൃത്വത്തിന്റെ കർത്തവ്യമാണ്. അത്തരം പ്രവർത്തനങ്ങൾ നടത്തുകയെന്നതു രാഷ്ട്രീയപ്പാർട്ടികളുടെ ചുമതലയുമാണ്.

## വിദ്യാർത്ഥികളും അധ്യാപകരും ‘രാഷ്ട്രീയ’ത്തിൽ വേണം

പക്ഷെ വിദ്യാർത്ഥികളെ ഇതിൽ കരുക്കളാക്കാമോ എന്നതാണ് ചോദ്യം. കരുക്കളാക്കുകയല്ല; ഇന്നു സമൂഹത്തിലുള്ള ഏതിലും വിദ്യാർത്ഥികളുണ്ട്. അവരില്ലാതെ നാടകമില്ല, പൊതുയോഗമില്ല, ജാഥയില്ല, രാഷ്ട്രീയപ്രവർത്തനവുമില്ല. അവർക്കു ചില അഭിപ്രായങ്ങൾ ഉണ്ടാവും—അതിന്നനുസരിച്ചു അവർ ഭാഗംപിടിക്കും. എന്നും അവിടെത്തന്നെ നിൽക്കണമെന്ന നിർബന്ധം അവർക്കില്ല. പരിതസ്ഥിതിയും അനുഭവങ്ങൾക്കുമനുസരിച്ചു അവർ മാറും. തങ്ങൾക്കിഷ്ടമുള്ളാളെ കോളേജു യൂനിയൻ ചെയർമാനാക്കരുതെന്നും, പ്രിൻസിപ്പാൾമാരുടെ ചൊൽപ്പടിക്കു നിൽക്കണമെന്നും മററും പറഞ്ഞാൽ, ‘അന്തരീക്ഷവിദ്യാഭ്യാസം’ നടത്തുന്ന കേന്ദ്രങ്ങളിൽപ്പോലും അതു വിലപ്പോകില്ല എന്ന


മണ്ണിന്റെ മകൾ
ചെങ്കോലും, വാളും ഏ
ന്തിയ കൈകളിൽ കലപ്പ
യേന്തുന്നതു് അഭിമാനമാ
യി നമ്മുടെ പഴയ രാജാ
ക്കന്മാർ കരുതി വന്നിട്ടു
ണ്ടു്. ഒരു പിഞ്ചോമനയ്ക്കു
വേണ്ടി ദാഹിച്ചിരുന്ന
ജനക മഹാരാജാവിനു്
ഭൂമിദേവി കനിഞ്ഞു നൽ
കിയ കനിയാണു് സീതാ
ദേവി.
അഭ്യസ്തവിദ്യരും വയലു
കളിലേക്കിറങ്ങേണ്ട ഒരു
കാലഘട്ടം കൈവന്നിരി
ക്കുകയാണു്. വിഭവങ്ങ
ൾ മണ്ണിൽ ഒളിഞ്ഞു കിട
പ്പുണ്ടു്. കഠിനാദ്ധ്വാനം
ചെയ്യുന്നകർഷകരെ ഭൂമി
ദേവി കൈവെടിയുകയില്ല, തീച്ചതന്നെ. വേ
ണ്ടത്ര വളവും, മേത്തരം വിത്തുമുപയോഗി
ച്ചു് ആധുനികരീതിയിൽ കൃഷിഇറക്കിയാൽ
മതി. ഓരോ മണ്ണിനും, ഓരോ വിളവിനും
വേണ്ട വളങ്ങൾ ഉൽപ്പാദിപ്പിച്ചു് കർഷക
ർക്കെത്തിച്ചുകൊടുക്കുന്നതിൽ ഫാക്ട് വ്യാപൃ
തരായിരിക്കുന്നു.
FACT
..foremost name in fertilisers
THE FERTILISERS AND CHEMICALS TRAVANCORE LIMITED
REGD. OFFICE: ELOOR, UDYOGAMANDAL P. O., KERALA STATE

THE KNOWN BEST
IN THE BEST KNOWN

VISIT

## COLOMBO STORES

**M. P. ROAD**

**CALICUT-1.**

**For all Varieties of Dress Materials**

Dial 2298 Tele: SHABANDRI

## നവകേരള ബുക്ക്സ്

കോളേജ് ലൈബ്രറികൾക്കും സ്കൂൾ ലൈബ്ര-
റികൾക്കും ആവശ്യമായ എല്ലാ മലയാള
പുസ്തകങ്ങൾക്കും സമീപിക്കുക.

പ്രത്യേക കമ്മീഷൻ വ്യവസ്ഥകൾ

**നവകേരള സഹകരണ**
**പ്രസിദ്ധീകരണശാല**
കോർട്ട് റോഡ് — കോഴിക്കോട്-1.
ഫോൺ: 5064

സന്ദർശിക്കുക

## ബ്യൂട്ടി പാലസ്

മെയിൻറോഡ് — കൊല്ലം.

എല്ലാവിധ കട്ട്ലറി സാധനങ്ങളും, ജൂവലറി തിരുപ്പൻ, ലേഡീസ് ഹാൻഡ് ബാഗുകൾ, സ്റ്റെയിൻലസ്സ് സ്റ്റീൽപാത്രങ്ങൾ, പ്രസന്റേഷൻ സെററുകൾ, സ്റ്റേഷനറി സാധനങ്ങൾ മുതലായവക്കു് ഞങ്ങളെ സമീപിക്കുക.

അന്നു് —
ഭാരതവർഷത്തിലെപ്പൂർവ്വമഹർഷീന്ദ്രന്മാർ,
പാരിനുള്ളടിക്കല്ലെപാർത്തു കണ്ടറിഞ്ഞവർ,
* * *
പൊട്ടപ്പുല്ലുകൾകൊണ്ടും ശുഷ്കപത്രഘലംകൊണ്ടും
കെട്ടിമേഞ്ഞവയായ പാഴ്ക്കുടിലുകളിൽ-
താമസിച്ചു തപസ്സുചെയ്തു.

— ഇന്നു
ഭഗവദർശനത്തിന്നും ഭജനത്തിനും
വരുന്ന ഭക്തജനങ്ങൾ
ഗുരുവായൂർ കിഴക്കേ നടയിലുള്ള
**നെമ്മിനി ബിൽഡിങ്സിൽ**
താമസിക്കുന്നു.
ഫോൺ: 275

അത്യാധുനികമാതൃക; സകലവിധ സജ്ജീകരണങ്ങൾ, വൃത്തിയുള്ള വിശാലമായ മുറികൾ.

വന്നിരിക്കുന്നു. വിദ്യാൎത്ഥികൾ വൎഗ്ഗീയതക്കെതിരായ ഏററവും വലിയ ശക്തിയാണ്.

അധ്യാപകരുടെ കാര്യമാണിനി. അവൎക്കു വേണ്ടത്ര 'രാഷ്ട്രീയ'മില്ലെന്നാണ് എന്നെപ്പോലുള്ളവരുടെ പരാതി. സ്വന്തം കാര്യം നേടാൻ ചില രാഷ്ട്രീയശക്തികളെ കൂട്ടുപിടിക്കുന്നുണ്ടാവും. ഒററയ്ക്കൊററക്കു ചില രാഷ്ട്രീയാഭിപ്രായങ്ങളുമവൎക്കുണ്ടാവും. എന്നാൽ, കേരളത്തിൽ കോളേജധ്യാപകരിനിയും ഒരു രാഷ്ട്രീയശക്തിയായിത്തീൎന്നിട്ടില്ലെന്നതാണെനിക്കു പറയാനുള്ളത്. ഇവിടത്തെ രാഷ്ട്രീയത്തിൽ കുറെ കോളേജധ്യാപകർ പ്രവേശിക്കുന്നതു അത്യാവശ്യമായിത്തീൎന്നിരിക്കുന്നുവെന്നും കൂട്ടത്തിൽ പറയട്ടെ. ഏതു രാഷ്ട്രീയപ്പാൎട്ടിയായാലും തരക്കേടില്ലെന്നുവരെ പറയാൻ തോന്നുന്നു.

അപ്പോൾ ഇന്നുള്ള കുഴപ്പത്തിന്നു കാരണം ശരിയായ രാഷ്ട്രീയബോധം അധ്യാപകരിലും വിദ്യാൎത്ഥികളിലും പരക്കാത്തതാണ്.

## പഴഞ്ചന്മാരെ എതിൎക്കുക

പക്ഷെ, പഴഞ്ചന്മാരുടെ വാദഗതി തിരിച്ചാണ്. അധ്യാപകർ സംഘടിക്കുന്നതും സമരം ചെയ്യുന്നതും മുദ്രാവാക്യം വിളിക്കുന്നതുമാണ് കുട്ടികളെ രാഷ്ട്രീയത്തിലേക്കു നയിച്ചതെന്നും, കുട്ടികളുടെ രാഷ്ട്രീയം മൂത്തു മൂത്തു അതവസാനം അധ്യാപകൎക്കെതിരായിത്തിരിയുന്നുവെന്നും, അങ്ങിനെ വിദ്യാശാലകൾ കയ്യാംകളിക്കുള്ള സ്ഥലങ്ങളായി മാറുന്നുവെന്നും മററുമാണവരുടെ ആക്ഷേപം. വിദ്യാൎത്ഥികൾ അധ്യാപകൎക്കെതിരാവുന്നില്ലെ? അധ്യാപകർ വിദ്യാൎത്ഥികൾക്കെതിരാവുന്നില്ലെ? തങ്ങളുടെ പ്രിൻസിപ്പാളിന്നെതിരെ അധ്യാപകരും വിദ്യാൎത്ഥികളും ഒന്നിച്ചണിനിരക്കാറില്ലെ? മാനേജ്മെൻറ്, ഈ തക്കത്തിന്നിടയിൽ വലിയ കോഴയും വാങ്ങി, പഠിപ്പിക്കാനേററവും പററിയവരെ വിട്ടു, അതിന്നു പററാത്തവരെ അധ്യാപകരായി സ്വീകരിക്കുന്നില്ലെ? ഇതിനെ എതിൎക്കാൻ ഗവൎണ്ണർ മുതൽ കോൽക്കാരൻ വരെയുള്ളവൎക്കു സമയമില്ല. പല കോളേജുകളിലും പ്രവേശനം ലഭിക്കണമെങ്കിൽ വിദ്യാൎത്ഥികളും 'സംഭാവന' ചെയ്യേ തീരൂ. അതു കണ്ടില്ലെന്നു നടിക്കുന്ന ചില ഗാന്ധിയൻ പ്രിൻസിപ്പാൾമാരും ഇവിടെ 'രാഷ്ട്രീയ'ത്തിന്നെതിരായി പ്രസംഗിച്ചു നടക്കുന്നവരുണ്ടെന്നതാണ് മറെറാരു രസം!

കോളേജുകളിൽ അച്ചടക്കവും സൗമനസ്യവും പരസ്പരധാരണയും ഉണ്ടാവണമെന്നതു ശരിതന്നെ. യൂനിവർസിററികൾ, രാഷ്ട്രീയക്കളരികളാകാതിരിക്കാനും നോക്കണം. പക്ഷെ, സമൂഹത്തിൻെറ യാതൊരു സ്വാധീനവും കൂടാതെ, രാഷ്ട്രീയത്തിൻെറ യാതൊരു ആഘാതവുമേൽക്കാതെ, നാലു ക്രിസ്ത്യാനിയും മൂന്നു നായരും രണ്ടു ഈഴവനും ഒരു മുസ്ലിമുമായാൽ യൂനിവർസിററിയായി എന്ന ധാരണക്കെതിരായി വിദ്യാർത്ഥികളും അധ്യാപകരും സംഘടിതമായ സമരം നടത്തുകതന്നെ വേണം. ആ സമരമാണിന്നു അധ്യാപകരും വിദ്യാർത്ഥികളും നടത്തുന്നതു്. സമരത്തിന്നു രാഷ്ട്രീയപരായ കാണുന്നവർ തങ്ങളുടെ വൎഗ്ഗീയത മറവുള്ളവർ കാണില്ലെന്നു കരുതരുത്.

## 'അരാഷ്ട്രീയത'യെ തോൽപ്പിക്കുക!

ഉജ്ജ്വലമായ മനുഷ്യത്വവും സോഷ്യലിസ്റ്റ് മൂല്യങ്ങളോടു കൂറുമുള്ളൊരു യൂനിവർസിററിയുണ്ടായാൽ, കോളേജുകളുണ്ടായാൽ, ഇന്നു കാണുന്ന ദൂഷ്യങ്ങളെല്ലാം അൽപം മാറും. ആ സ്ഥിതി കൈവരുത്താൻ ഇന്നുള്ള രാഷ്ട്രീയശക്തികളെ വഴിതെററിക്കാതെ, ഒരേവഴിക്കു, ശരിയായ വഴിക്കു നയിക്കുക എന്നതു് കോളേജ് അധ്യാപകരുടെ ചുമതലയാണ്. പുരോഗമനപരമായൊരു വിദ്യാഭ്യാസ വ്യവസ്ഥക്കുവേണ്ടി അവർ ഉറച്ചുനിൽക്കണം.

ദൗർഭാഗ്യവശാൽ അവിടെയാണ് കോളേജധ്യാപകരുടെ വശക്കേട് ഏററവുമേറെക്കാണുന്നതു്. വിഭാഗീയമായി ചിന്തിക്കാനെ അവരിലധികംപേൎക്കും അറിയൂ എന്നു വരുന്നതു ഖേദകരമാണ്. വിദ്യാർത്ഥികളുടെ സമരങ്ങളെ അവർ വേണ്ടവിധം കാണുന്നുണ്ടോ? സമൂഹചലനങ്ങളെ അവർ വേണ്ടവിധം വിലയിരുത്തുന്നുണ്ടോ? പുരോഗമനച്ചേരിയിൽ അവർ നിലയുറപ്പിച്ചിട്ടുണ്ടോ? ഇതൊക്കെ ചോദിച്ചാൽ ഉത്തരം നിരാശാജനകമാവും. ആ വഴിക്കൊന്നും അവർ കാര്യമായി ശ്രദ്ധിച്ചിട്ടേ ഇല്ലെന്നും കാണാം.

നമ്മുടെ ക്ഷീണമതാണ്. യൂനിവർസിററി കാര്യത്തിലാകട്ടെ, കോളേജുകാര്യത്തിലാകട്ടെ, പൊതുകാര്യങ്ങളിലാകട്ടെ, യാതൊരു താൽപര്യവുമില്ലാത്ത കുറെ എം. എ.ക്കാരും എം. എസ്സിക്കാരും നമ്മുടെ കോളേജുകളിൽ വന്നുകൂടി. 'അള മുട്ടിയാൽ ചേരയും കടിക്കും' എന്ന പഴമൊഴിപ്രകാരം അവൎക്കു ഗത്യന്തരമില്ലാതെ സമരകാഹളം മുഴക്കേണ്ടിവന്നു. അത്രയും നല്ലതുതന്നെ. പക്ഷെ, വിദ്യാഭ്യാസത്തെപ്പററി, സൎവ്വകലാശാലയിലും കോളേജുകളിലുമുള്ള (ഉണ്ടാകേണ്ട) ജനാധിപത്യത്തെപ്പററി, വിദ്യാർത്ഥിസമരങ്ങളെപ്പററി, പുതിയ അച്ചടക്കത്തെപ്പററി, സോഷ്യലിസ്റ്റാശയങ്ങളെപ്പററി അവർ ഇന്നും അശ്രദ്ധരാണ്—പൊതുവെ. നമ്മുടെ സൎവ്വകലാശാലാവിദ്യാഭ്യാസത്തിലെ ഏററവും വലിയ ദൗർബല്യം 'അരാഷ്ട്രീയ'ക്കാരായ കോളേജധ്യാപകരാണെന്നു തോന്നുന്നു.

# SOME ESSENTIALS OF DEMOCRACY

V. R. KRISHNA IYER

THE wit of man has not devised a system of government for free people better than the democratic way. Even in a democracy, however, tendencies of tyranny may develop unless the fundamental principle of broad separation of powers of the trinity, which, makes up the State is maintained. It is a basic idea underlying the public law of democratic government that the executive, legislative and judicial powers should be vested in separate and independent organs of government, if arbitrary and oppressive acts on the part of those in political authority are to be prevented: Let us briefly examine the anatomy of a democratic polity from the point of view of avoidance of despotic trends by inhibiting, through built-in constitutional provisions, the encroachment by any one of the three major organs of the State into the field allotted to the other.

Democracy is on trial in India, which has been acclaimed in certain quarters as the largest democracy in the world. We have a Constitution which is not merely the lengthiest written Constitution in the world, but is a liberal blend of individual freedom and the socialist concept. But this Constitution is also under challenge not merely by cynical intellectuals but also by paraviolent organisations. Government by consent, or at least by the broad consensus of the vast majority, is better than Government by the use of force by a minority. "Remember", said John Adams, "remember, democracy never lasts long. It soon wastes, exhausts and murders itself. There never was a democracy that did not commit suicide". If we cast our eyes across the continents, we will realise the truth of John Adam's melancholy prophecy. Therefore, it behoves those who believe in democracy not merely to be vigilant to find out where and why dangers lurk but also to spread among the people the positive philosophy of democracy: The understanding of the working of a democratic government, in antithesis to a dictatorship, is part of the politics of the unpolitical. It is therefore desirable to study the anatomy of a typical democracy, particularly one like ours, with a written Constitution and a quasi-federal frame-work.

"Since the time of Aristotle", wrote Lasky in his Grammar of Politics, "it has been generally agreed, that political power is divisible into three broad categories. There is, first, the legislative power. It enacts the general rules of the society. It lays down the principles by which the members of the society must set their course. There is, secondly, the executive power. It seeks to apply those rules to particular situations; where, for instance, an Old Age Pension Law has been enacted, it pays out the specified sum to those entitled to receive it. There is, thirdly, the judicial power. This determines the manner in which the work of the Executive has been fulfilled. It sees to it that the exercise of the Executive authority conforms to the general rules laid down by the legislature. It may declare that the particular order issued is, in fact, ultra vires". The Indian Constitution has adopted the method of dividing governmental functions broadly, though not rigidly, into three categories as Executive, Legislative and Judicial. In a parliamentary democracy, the Executive is always subordinate to and controlled by the legislature. The law is laid down by the legislature and it is carried out by the Executive. Thus, the legislative power is the great and overruling power in every free Government. This is so, theoretically. In point of fact, however, the functions of the Executive Branch are of greater importance. The organised physical force is at the command of the Executive—is, in a sense, a part of the Executive. It is with the Executive that the individual citizen is chiefly in contact. In a parliamentary system, the executive power is vested legally in the King or President or Governor. But in political reality, executive power is wielded by the Council of Ministers.

For freedom to flourish, the separation of powers must be broadly accepted in any system of government. Montesquieu, the modern exponent of the doctrine, asserted "When the legislative and executive powers are united in the *same person*, or in the *same body*...... there can be no liberty. Again, there is no liberty if the judicial power is not separated from the legislative and executive powers. Were it joined with the legislative power, the life and liberty of the subject would be exposed to arbitrary control; for the Judge would then be the legislator. Were it joined with the executive power the Judge might behave with violence and oppression. There would be an end of everything were the same man or the same body to exercise the three powers". Madison who shaped the American Constitution, said "The accumulation of all powers, legislative, executive and judiciary in the same hands

whether of one, a few, or many, and whether hereditary, self-appointed or elective, may justly be pronounced the very definition of tyranny." The American Supreme Court, nearly a Century ago, observed: "It is essential to the successful working of this system (democracy) that the persons entrusted with power in any one of these branches shall not be permitted to encroach upon the powers confided to the others, but that each shall by the law of its creation be limited to the exercise of the powers appropriate to its own department and no other." Of course, as Woodrow Wilson, the President of the United States, rightly emphasised, enforcement of a rigid conception of separation of powers would make modern Government impossible. Wilson wrote in the "Constitutional Government in the United States" The trouble with the theory is that government is not a machine but a living thing......Their co-operation is indispensable, their warfare fatal."

Separation of powers means not necessarily separation of organs, but separation of functions, for, it is quite possible that the executive may occasionally legislative by virtue of delegated power and even the judiciary may frame rules, thus exercising legislative power. The legislature may, in a limited class of cases, exercise judicial power and even the executive may be called upon to decide controversies when so authorised by law. The legislative function consists in making laws while the executive function—includes the direction of the policy and administration of the affairs of the State within the limits of the law. The judicial organ interprets and applies the law, decides controversies, whether they relate to life, liberty or property, by applying the law made by the legislature. The theory of democratic government is opposed to the deposit of unlimited power anywhere, for the greater the power the more dangerous is the abuse. The executive, legislative and the judicial branches are all of limited and defined powers and each is prohibited from encroaching upon the other's sphere. Judicial control over executive and legislative action is exercised when they exceed the authority as set down by the law of the Constitution. But judicial control is limited by the principle that the judiciary will not encroach upon what properly belongs to the executive or legislative sphere. For instance, it is not the business of the courts to pass judgments upon the *policy* of the executive or legislative action. The scrutiny of the exercise of *political* power is not within the province of the judicial department. The Constitution has left the performance of many duties to the executive and the legislative, which cannot be controlled by the Courts. Only the vigilance of the people in exercising their political rights can control them in those actions. Similarly, it is fundamental that the legislature cannot pass judgments or decrees or override or annual judicial decisions. It may make laws, prospective and that may, perhaps, have the effect of undoing the interpretation accepted by the courts upon a law. Nevertheless, the legislature cannot set aside judgments as such. Similarly, the executive may administer the laws but cannot dispense with them. If it acts contrary to law or exercises adjudicatory functions, the Court will strike down such actions as ultra vires. Even so, the legislature.

The mechanics of democracy put the judiciary in in a key position, particularly in a federal constitution. There is distribution of powers between the Union and the States and where either encroaches upon what has been allotted to the other the Court can intervene to prevent such usurpation or trespass. When the State, be it at the Central level or the Provincial level, deprives the citizen of his right, or acts illegally against him, whether such action be legislative or executive, the Court has the jurisdiction to strike down the unconstitutional law and the illegal executive action. In a federal constitution, the power of the State is divided between the Union and the States, and when there is dispute or doubt about the distribution of powers the assistance of Courts can be invoked either by the parties going to Court or by the injured State moving the Supreme Court. "The powers of the State", states Hidayatullah in his Book "Democracy in India and the Judicial Process", "are divided by our Constitution between the legislature, the executive and the judiciary. In these several ways no single body of men is entrusted with all the force possessed by the State. Montesquieu was absolutely right when he said that by division of powers, government becomes servant of the people and not the master. "No limb of the Government is thus all powerful. They are made to control one another......The legislature controls the executive...... The judiciary can interfere with the executive and can declare legislative action to be inoperative. The constitution fulfils itself through these checks and balances in which the judiciary often plays a decisive part". No one is above the Constitution in our country, and and it is the concern of all parts of Government to preserve the constitutional rights of citizens and other persons.

Let us now examine how these checks and balances by the three major organs of State are set in motion and operate so as to prevent tyranny and to promote social good. The insistence on the supremacy of the

# FRATERNAL FUND

(BANKERS & CHITTY FOREMEN)

MUTTOM

Phone No: 36

THODUPUZHA

(ESTD. IN 1961)

POPULAR AND TRUSTED PROMOTORS OF MONTHLY CHITTIES

MANAGING PARTNERS:-

M. A. Thomman B. Com.

MADACKAL, EDAPALLY.

K. J. Mathew B.A., D.S.S.

KARIMTHURUTHEL KALLARACKAL

THUDANGANAD

rule of law is basic to democratic life. Where powers are arbitrary, the rule of law is imperilled, where powers are absolute, abuse is inevitable. A high powered and independent - judiciary alone can hold the balance and ensure the free movement of the wheels of Government. The judicial process is not an obstruction but a brake that will apply only when there is violation of law. The judiciary alone has the power to interpret the laws and the Constitution in a manner binding upon the other two wings of Government; for instance, the Indian Constitution gives the Supreme Court the power to declare the law (Article 141). If the Court's decree or writ is violated, there are coercive processes for contempt and disobedience. Whenever a citizen finds the executive acting arbitrarily or the legislature making laws beyond its competence or in disregard of constitutional prohibitions, the Court can strike down such action. The judiciary, as a rule, is not interested in the policy underlying a legislative measure or the wisdom behind the executive. The court is only concerned with jurisdiction and constitutionality. The question of jurisdiction arises partly because in a federal coustitution one legislature or Government cannot encroach upon the domain of the other, and partly because the power conferred has itself some limitations. Once the legislative measure is within jurisdiction and all the conditions of law-making are observed, the power of the court comes to an end. The judicial process is exercised through ordinary powers enjoyed by the Municipal Courts of deciding disputes, civil and criminal, between citizen and citizen and between citizen and State. The second power is extraordinary by the issuance of writs by the superior Courts by which any illegal executive action and incompetent legislation are voided. In a dynamic society, Government moves swiftly and if the mischief is to be halted, the Court must move equally swiftly by giving quick and efficacious remedies and so the Constitution of India, and of many other countries, invests the Courts with extraordinary powers to issue writs against the State. The citizen's freedoms are guaranteed in India by the wide powers of the superior Courts to issue writs under Article 32 (Supreme Court) and under Article 225 (High Court) of the Constitution. The oath of office of the President and Governor of the Ministers and Judges and of the legislators contains an express affirmation of the Constitution which has created an independent judiciary with powers to decide cases and controversies, to declare the law authoritatively and to strike down action which is contrary to the Constitution and the laws. That is why the judiciary in a democratic set up has been described sometimes as a balance wheel, sometimes as a sentinel on the quivive. Being the guardians of freedom the Judges need to be free from executive control and so the judiciary in civilised democracies are not only separated from the executive but their security of tenure is guaranteed constitutionally. The executive is responsible to the legislature so that if it misbehaves the majority in Parliament can dismiss it by a no-confidence motion. Even otherwise there are many ways in which a government can be checked by the House, through interpellation, resolutions and debates or through the various committees of the House. In the U. S. A. the committees have the power to examine the goverment secretaries — a unique power - extensively exercised. The finance for running goverment is controlled by the Parliment or the Congress. But the weakness of this machine is in the fact that the ministry which is the de facto custodian of executive power is the core of the ruling party which is the custodian of political power and by a brute majority may condone or even actively abet abuse and misuse of governmental power. Then what? The Court—which is the sanctuary of the aggrieved citizen against unchecked abuse by the executive. But there are serious limitations on the area of judicial protection. If the manner of performance is regular and the matter falls within the scope of the concerned administrative agency the Court's hands are off. Of course, where the act is mala fide the Court has still the power and the duty to interfere. Never-the-less, governmental action may not be illegal though immoral, may conform to the legal procedure but may have political motivations. The courts cannot scrutinise and quash such action. Only where law is violated and rights are infringed can judicial review of administrative action be obtained. But there are oppressive, abusive and corrupt acts which cannot be caught in the coils of judicial scrutiny. There the force of public opinion, the vigilance of a sensitive and effective opposition alone is the refuge. Likewise, if the legislative organ makes laws violative of the fundamental freedoms or infringing upon legislative items not alloted to it or flouting the legislative procedure designed to safeguard public interest, the Court, in countries where the written constitution and the supremacy of the judiciary are accepted, will strike down such laws. The legislation made by colourable devices to achieve an end not permitted by the Constitution also may be struck down by the Court as mala fide.

However, there is a limit to the tyranny of the majority being prevented by the Courts. If parliament is all powerful as in England, the Court may be helpless. If the Constitution itself is amended to validate otherwise invalid legislation, the Judges have to accept the situation.

However, there is also the possibility of the judiciary behaving illegally or irresponsibly although it is a remote possibility. When there is a confrontation between the judiciary and the legislature who would prevail. We had, for instance, a conflict between the High Court and the Assembly in the Uttar Pradesh. We have had laws made for agrarian reform struck down by the Courts, thus developing a conflict as it were between judicial and the legislative arms of government. This conflict is illusory, strictly speaking because the Judges interpret the Constitution as it is, and if there is built in obstruction in the Constitution the solution is not to quarrel with the Judges but to change the Constitution. However very eminent men have been annoyed with the judiciary when the pronouncement of the Judges have come in the way of certain basic policies of the Administration. Franklin D. Roosevelt once stated in a broadcast addressed to the nation. "When the Congress has sought to stabilise national agriculture, to improve the conditions of the labour, to safeguard business......to protect our national resources......to serve our clearly national needs, the majority of the Court has been assuming the power to pass on the wisdom of these Acts of the Congress and to approve and disapprove the public policy written into these laws......We want a Supreme Court which will do justice under the Constitution......not over it...... I want...... as all Americans want......an independent judiciary...... A Supreme Court that will enforce the Constitution as written, that will refuse to amend the Constitution by an arbitrary exercise of judicial power......". Said Jawaharlal Nehru in the Constituent Assembly once: "No Supreme Court and no judiciary can stand in judgment over the sovereign will of Parliament representing the will of the entire community...... but in the ultimate analysis, where the future of the community is concerned, no judiciary can come in the way......it is obvious that no Court, no system of judiciary can function in the nature of a third house of correction ......". These are strong words used in anger perhaps, but in the ultimate analysis we must agree with Hidayatullah, Chief Justice, who stated in the Lajpat Roy Memorial Lecture: "The highest form of democratic government is one in which the judiciary can step in to veto a wrong action by the other two branches of government, and the judiciary, though independent, is subject to reasonable public criticism."

We must never forget the fundamental principle modern constitutional jurisprudence that *laws* and not *men* shall govern, and however eminent, wise and powerful some men may be, the government of a people must be regulated by its laws even when they are inspired by the leaders of the people. That is the essence of democratic discipline......the rule of law.

---


നിങ്ങൾ പുനലൂരെത്തുമ്പോൾ

സുഖകരമായ താമസത്തിനും
രുചികരമായ ഭക്ഷണത്തിനും
വിശ്രമത്തിനും

ഹോട്ടൽ അംബാസഡർ

പുനലൂർ

PHONE: 146

# സ്മരണകൾ — I

— ജോസഫ് മുണ്ടശ്ശേരി

ഞാനൊന്നു പിന്തിരിഞ്ഞുനോക്കുകയാണ്. പത്തുനാല്പതുകൊല്ലം മുൻപ് അന്നത്തെ പേർപെററ പ്രൈവററ് കോളേജുകളിലൊന്നായിരുന്ന സെൻറ് തോമസ് കോളേജിൽ ഒരദ്ധ്യാപകനായിത്തീർന്ന സമയത്തു് മാസംതോറും എത്ര ശമ്പളം കിട്ടും എന്നതിനെക്കുറിച്ച് അത്ര വ്യക്തമായ ധാരണയൊന്നും ഉണ്ടായിരുന്നില്ല. അന്നു പ്രിൻസിപ്പാളായിരുന്ന പാലോക്കാരനച്ചൻെറ സന്മനസ്സിനെമാത്രം വിശ്വസിച്ചുകൊണ്ടാണ് പ്രഗത്ഭരായ ഒട്ടേറെ അദ്ധ്യാപകന്മാർ ആ കോളേജിൽ സേവനം അനുഷ്ഠിച്ചുപോന്നതു്. ശമ്പളത്തെസംബന്ധിച്ചു മാത്രമല്ലാ സർവ്വീസിനെ സംബന്ധിച്ചും വ്യക്തമായ വ്യവസ്ഥകളില്ലായിരുന്നു. അതും ആ മഹാനായ പ്രിൻസിപ്പാളിൻെറ ഉദാരബുദ്ധിക്കു് വിട്ടുകൊടുത്തുകൊണ്ടാണ് ഞങ്ങളെല്ലാവരും ജോലി ചെയ്തിരുന്നതു്. അദ്ധ്യാപകരായിരുന്ന ഞങ്ങൾ സ്വയം രക്ഷിക്കാൻവേണ്ടി വിശേഷിച്ചു സംഘടനയൊന്നും ഉണ്ടാക്കിയിരുന്നില്ല. ഏതാനും കൊല്ലത്തിനുശേഷം മദിരാശി യൂണിവേഴ്സിററിയിൽനിന്നു് ഡോ: ലക്ഷ്മണസ്വാമി മുതലിയാരുടെ നേതൃത്വത്തിൽ ഒരു ജനറൽ കമ്മീഷൻ അന്വേഷണത്തിനു വന്നപ്പോൾ ഞങ്ങളിലേതാനും പേർ പ്രിൻസിപ്പാളുടെ സമ്മതത്തോടുകൂടി കമ്മീഷനെക്കണ്ടു് ശമ്പളവും, സർവ്വീസും സംബന്ധിച്ച് ചില വ്യവസ്ഥകൾ ചെയ്തുതരേണ്ടതാണെന്നു് അഭ്യർത്ഥിക്കുകയുണ്ടായി. ഞങ്ങളുടെ നിവേദനം ഏറെക്കുറെ പരിഗണനീയമായ ഒന്നായി കമ്മീഷനു തോന്നാതിരുന്നില്ല. വേറെയും കോളേജുകളിൽ നിന്നു് ഏതാണ്ടു് അമ്മാതിരി നിവേദനങ്ങൾ കേൾക്കാൻ കമ്മീഷനു് ഇടയായിരുന്നിരിക്കണം. ആ കമ്മീഷൻ എല്ലാ കോളേജുകളും സന്ദർശിച്ച് സകലമാന നിവേദനങ്ങളും വേണ്ടത്ര പരിശോധിച്ചതിനുശേഷം യൂണിവേഴ്സിററിക്കു സമർപ്പിച്ച ഭാരിച്ച റിപ്പോർട്ടിൽ ശമ്പളവും സർവീസുമെല്ലാം സംബന്ധിച്ച് ചില വ്യവസ്ഥകൾ എഴുതിച്ചേർക്കാതിരുന്നില്ല. അതു് അന്നത്തെ പ്രൈവററ് കോളജദ്ധ്യാപകർക്കു് മിക്കവാറും ഒരു പരിരക്ഷയായിത്തീരും എന്നു ഞങ്ങളെല്ലാവരും കരുതിപ്പോയി. ആ റിപ്പോർട്ടിലെ വിശദമായ നിർദ്ദേശങ്ങളൊക്കെത്തന്നെയും യൂണിവേഴ്സിററി സെനററ് ചർച്ചചെയ്തംഗീകരിച്ചതുകൊണ്ടാണ് അപ്രകാരമൊരു തോന്നലിന്നിടയായതു്. പക്ഷെ കാലം പിന്നേയും കഴിഞ്ഞിട്ടും ആ റിപ്പോർട്ടിലെ വ്യവസ്ഥകൾ ചില സാങ്കേതിക കാരണങ്ങളാൽ നടപ്പായില്ല. നിയമത്തിൻെറ പ്രാബല്യം തികച്ചും ഇല്ലെങ്കിൽത്തന്നെയും ആ വ്യവസ്ഥകളെ പ്രൈവററ് കോളേജ് മാനേജുമെൻറുകൾ പാടെ തള്ളിക്കളയുകയില്ലെന്നു് എന്നെപ്പോലെ പലരും വിശ്വസിച്ചുപോയതും അബദ്ധമായി. കാലാന്തരത്തിൽ പല മാനേജുമെൻറുകളും ഏറെക്കാലം സേവനമനുഷ്ഠിച്ചുകഴിഞ്ഞ മിടുമിടുക്കന്മാരായ അദ്ധ്യാപകരെപ്പോലും നിസ്സാര കാരണങ്ങളിന്മേൽ പിരിച്ചുവിടാൻ മടിച്ചില്ല. ശമ്പളമാണെങ്കിൽ കാലോചിതമായിട്ടെങ്കിലും പരിഷ്കരിച്ച് അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കാൻ മാനേജുമെൻറുകൾ തയ്യാറായതുമില്ല. പത്തിരുപത്തേഴ് കൊല്ലത്തെ സർവീസിനുശേഷം 1952-ൽ എനിക്കുതന്നെയും ഈ നയവൈകൃതത്തിൻെറ ബലിയാടായിത്തീരേണ്ടിവന്നിട്ടുണ്ടു്.

പിന്നീടു് 1957-ൽ യാദൃച്ഛികമായിട്ടെന്നു പറയട്ടെ, കേരളത്തിൽ വിദ്യാഭ്യാസ മന്ത്രിയായി അവരോധിക്കപ്പെട്ടപ്പോൾ എനിക്കേററവും അടിയന്തിരമായി പ്രവർത്തിക്കണമെന്നു തോന്നിയതു് പ്രൈവററ് സ്കൂളുകളിലേയും പ്രൈവററ് കോളേജുകളിലേയും അദ്ധ്യാപകരുടെ സേവനത്തിൻെറ കാര്യത്തിലാണ്. അതിലേയ്ക്കൊരുമ്പെട്ടപ്പോൾ എനിക്കെതിരിടേണ്ടിവന്ന പിന്തിരിപ്പൻ ശക്തികളെക്കുറിച്ച് ഈ പ്രകൃതത്തിൽ വിവരിക്കുന്നില്ല. പക്ഷെ ഒരു സംഗതി മറക്കാൻ വിഷമം. അന്നു് മാനേജുമെൻറുകൾ മാത്രമല്ല, അദ്ധ്യാപകർപോലും എന്നെ വെള്ളത്തിലാക്കാൻ ശ്രമിച്ചുകളഞ്ഞു. എന്നാലും അദ്ധ്യാപകർക്കുവേണ്ടി കുറെയെല്ലാം ചെയ്തുവെയ്ക്കാൻ കഴിഞ്ഞുവെന്നതിൽ ഞാനേററവും കൃതാർത്ഥനാണ്.

പ്രൈവററ് കോളേജദ്ധ്യാപകന്മാർക്കുവേണ്ടി വാസ്തവത്തിൽ ഒരൊററക്കാര്യമെ അന്നു ചെയ്തുവയ്ക്കാൻ കഴിഞ്ഞുള്ളു. അതവരുടെ ശമ്പളം വർദ്ധിപ്പിക്കുകയെന്നതാണ്. അതിലേയ്ക്കു് ഗവണ്മെൻറും യൂ. ജി. സി. യും യോജിച്ചൊരു ഗ്രാൻഡ് ഇൻ എയ്ഡ് സ്കീം ആസൂത്രണം ചെയ്ത് അംഗീകരിപ്പിക്കുന്നതിനുവേണ്ടി അന്നു വൈസ് ചാൻസ്‌ലർ ആയിരുന്ന ഡോ: ജോൺ മത്തായിയും ഞാനും ഒത്തൊരുമിച്ചാണു് ഉത്സാഹിച്ചതു്. മഹാനായ ഡോ: ജോൺ മത്തായി ആ വിഷയത്തിൽ അനുഷ്ഠിച്ച സേവനം ഈ രാജ്യത്തെ കോളേജദ്ധ്യാപകന്മാർ ഒരിക്കലും വിസ്മരിച്ചുകൂട. അതേവരെ ഇല്ലായിരുന്ന ഒരു ധനസഹായ പദ്ധതി യൂ. ജി. സി. യെക്കൊണ്ടംഗീകരിപ്പിക്കുന്നതിൽ ആ മഹാശയനാണ് വേണ്ടതെല്ലാം ചെയ്തുവച്ചതു്. നമ്മുടെ ഭാഗ്യക്കേടെന്നു പറയട്ടെ ആ പദ്ധതിയുടെ ഫലം പൂർണ്ണമായും കേരളത്തിലെ പ്രൈവററ്കോളേജദ്ധ്യാപകന്മാർക്കു് അനുഭവപ്പെട്ടപ്പോഴേയ്ക്കും ആ വലിയ മനുഷ്യൻ മൺമറഞ്ഞുപോയി.

1958-ൽ തിരുവിതാംകൂർ യൂണിവേഴ്സിററിയെ കേരള യൂണിവേഴ്സിററിയായി രൂപാന്തരപ്പെടുത്തുവാൻ മുൻകൈയെടുത്ത അവസരത്തിൽ മേൽപ്പറഞ്ഞ മാതിരി ശമ്പളം ഉയർത്തിക്കൊടുന്ന കാര്യത്തിൽ മാത്രമല്ലാ പ്രൈവററ് കോളേജദ്ധ്യാപകർക്ക് സേവനവ്യവസ്ഥകൾ നിജപ്പെടുത്തി വെയ്ക്കുന്നതിൽക്കൂടി എനിക്കേറെക്കുറെ കണ്ണുണ്ടായിരുന്നു. ആദ്യത്തെ കാൽവൈസ്ചാൻസലർ എന്ന നിലയിൽ സേവന വ്യവസ്ഥകൾ ഉടനെ തയ്യാറാക്കി നടപ്പാക്കുവാൻ അന്നത്തെ നിയമത്തിൽ യൂണിവേഴ്സിററിയെത്തന്നെ അധികാരപ്പെടുത്തുകയാണുണ്ടായത്. യൂണിവേഴ്സിററി സിൻഡിക്കേററും വൈസ് ചാൻസലറും കൈകോർത്തുപിടിച്ച് അക്കാര്യം ഏതാനും കൊല്ലത്തിനുള്ളിൽ പ്രാവർത്തികമാക്കുമെന്നായിരുന്നു എൻെറ പ്രതീക്ഷ. ഡോ: ജോൺ മത്തായി കുറെ നാളുംകൂടി ജീവിച്ചിരുന്നുവെങ്കിൽ എൻെറ പ്രതീക്ഷ ഒരുപക്ഷെ നിറവേറിയേനെ. അദ്ദേഹത്തിൻെറ സ്ഥാനത്തു വന്ന പിന്നത്തെ വൈസ് ചാൻസലർമാരും അവരോടൊന്നിച്ചു പ്രവർത്തിച്ച സിൻഡിക്കേററ് അംഗങ്ങളും ആ സർവ്വീസ് വ്യവസ്ഥകൾ ഉണ്ടാക്കി നടപ്പാക്കുന്ന വിഷയത്തിൽ അങ്ങേയററം അമാന്തക്കാരായിപ്പോയി. അദ്ധ്യാപകരുടേതിലുമധികം മാനേജ്മെൻറുകളുടെ താല്പര്യങ്ങൾക്ക് മുൻതൂക്കം കല്പിച്ചതാകാം ഈ അമാന്തത്തിന്ന മുഖ്യമായ കാരണം.

1956-59 കാലത്ത് പ്രൈവററ് കോളേജ് അദ്ധ്യാപകന്മാർ ഇന്നത്തെപ്പോലെ ഒരു സംഘടിതശക്തിയായിത്തീർന്നിരുന്നില്ല. സംഘടനയുടെ കേന്ദ്രീകരിച്ചിരുന്നതേയുള്ളു അന്ന്. പത്തു കൊല്ലത്തിനുശേഷം ഇന്നു മറെറാരു യൂണിവേഴ്സിററി നിയമം അവതരിപ്പിച്ചു പാസ്സാക്കാൻ ഗവർമ്മേണ്ടിൻെറ കൈകൾക്ക് ശക്തി നൽകത്തക്കവിധം പ്രൈവററ് കോളേജദ്ധ്യാപകസംഘടന വളർന്നുവെന്നു കാണുന്നതിൽ എനിയ്ക്കു തീയായ സന്തോഷമുണ്ട്. പുതിയ നിയമത്തിൽ സർവീസ് വ്യവസ്ഥകൾ വ്യക്തമായി എഴുതിച്ചേർക്കുവാൻ സാധിച്ചു എന്നതു് പ്രൈവററ് കോളേജദ്ധ്യാപകസംഘടനയുടെ മഹത്തായ ഒരു നേട്ടമാണെന്നു് ഞാൻ പറയും. ഈ വ്യവസ്ഥകൾ എല്ലാ പ്രൈവററ് കോളേജുകളിലും നീക്കുപോക്കില്ലാതെ നടപ്പാക്കി കിട്ടുവാൻ അദ്ധ്യാപക സംഘടന ഉലയിൽവെച്ച കരുവിനെ നോക്കിയിരിക്കുന്ന കൊല്ലനെക്കാളും ജാഗ്രതയോടെ പ്രവർത്തിക്കേണ്ടിവരുമെന്നു് ഞാനോർമ്മിപ്പിച്ചുകൊള്ളട്ടെ.

"വീടായാൽ റേഡിയോ വേണം"

* കുടുംബങ്ങളിൽ കൂടുതൽ ആനന്ദത്തിനു് റേഡിയോ *

# തുമ്പശ്ശേരി എൻജിനീയേഴ്സ്

## പുനലൂർ, കൊല്ലം ജില്ല.

തവണവ്യവസ്ഥയിൽ ലഭിക്കുന്ന

വിലയുടെ മൂന്നിലൊരു ഭാഗം അടക്കുകയും, ഇരുന്നൂററി അൻപതു് രൂപായിൽ കുറയാതെ ആകെ പ്രതിമാസവരുമാനമുള്ള ഒരു അദ്ധ്യാപകൻെറയോ, ഉദ്യോഗസ്ഥൻെറയോ ജാമ്യം തരികയും ചെയ്താലുടൻ റേഡിയോ കൊണ്ടുപോകാവുന്നതാണു്. ബാക്കി തുക പത്തുമാസ തവണകളായി അടച്ചുതീർത്താൽ മതിയാകും.

ഫാനുകൾ, ക്ലോക്കുകൾ, വാച്ചുകൾ, ഇരുമ്പുസേഫുകൾ മുതലായി മററു പല സാധനങ്ങളും തവണവ്യവസ്ഥയിൽ വാങ്ങാവുന്നതാണു്.

അംഗീകൃത ഫിലിപ്സ് റേഡിയോ ഡീലേഴ്സ്

കേരളത്തിലെ ഏററവും വലിയ റേഡിയോ ഷോറൂമും തവണവ്യവസ്ഥാസ്ഥാപനവും.

# സർവ്വകലാശാലാബില്ല് അദ്ധ്യാപകരുടെ നില മെച്ചപ്പെടുത്തുകയില്ല!

— വി. എസ്. ഔസേഫ് —
[മാർ ഇവാനിയോസ് കോളേജ്]

കേരളത്തിലെ ഒരുപിടി പ്രൈവററ് കോളേജ് പ്രിൻസിപ്പലന്മാർ അടുത്തകാലത്ത് ഒരു പുതിയ സംഘടന രൂപീകരിച്ചിട്ടുണ്ട്. പ്രിൻസിപ്പൽസ് കൗൺസിൽ എന്നാണതിന്റെ പേരു്. ഈ പുത്തൻ സംഘടനയുടെ നിർവ്വാഹക സമിതി 1968 ഡിസംബർ 26-ാംനു- കോട്ടയത്തു യോഗം കൂടി ഒരു പ്രമേയം അംഗീകരിക്കുകയുണ്ടായി. യൂണിവേഴ്സിററി സെനററിലും സിൻഡിക്കേററിലും പ്രിൻസിപ്പലന്മാർക്കുള്ള കുത്തകാവകാശങ്ങൾ പുതിയ യൂണിവേഴ്സിററിബില്ല് നിയമമാകുമ്പോൾ നഷ്ടപ്പെട്ടുപോകുന്നതിനേപ്പററിയും സൂപ്പർ അദ്ധ്യാപകരായി സ്വയം അഭിമാനിച്ചിരുന്നിരുന്ന ഇവർ സദാ അദ്ധ്യാപകരായി തരം താഴ്ത്തപ്പെടുന്നതു് തടയുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനേപ്പററിയും അവർ ചർച്ച ചെയ്തു. യോഗത്തിൽ ഒരു പ്രമേയവും അംഗീകരിച്ചു. യോഗം കൂടിയതിന്റെ നാലാം ദിവസം കൗൺസിലിന്റെ സെക്രട്ടറി കൊല്ലത്തുവച്ച് ആ പ്രമേയം പ്രസിദ്ധീകരിക്കുന്നതിനായി പത്രങ്ങൾക്കു നല്കി. പ്രമേയത്തിൽ ഈ പ്രിൻസിപ്പലന്മാർ പറയുന്നതു് "സർവ്വകലാശാലാ ബില്ല് അദ്ധ്യാപകരുടെ നില മെച്ചപ്പെടുന്നതിന് ഉതകുമെന്ന വാദം പൊള്ളയാണ്" എന്നാണ്. സർവ്വകലാശാലാ വിദ്യാഭ്യാസരംഗത്തെ പ്രാമാണികന്മാരെന്ന് സ്വയം വിശേഷിപ്പിക്കുന്ന ചില പ്രിൻസിപ്പലന്മാർ പറയുന്നു യൂണിവേഴ്സിററി ബില്ലുകൊണ്ട് അദ്ധ്യാപകന് ഒരു ഗുണവും ഉണ്ടാവുകയില്ലെന്നു്. എ. കെ. പി. സി. ടി. എ.-ക്കാരായ അദ്ധ്യാപകർ പറയുന്നു ബില്ലിലെ എട്ടാം അദ്ധ്യായം പ്രൈവററ് കോളേജ് അദ്ധ്യാപകരുടെ അവകാശരേഖയാണെന്നു്. ഇതിലേതു് അഭിപ്രായമാണ് ശരി?

---

കോളേജ് അദ്ധ്യാപക സംഘടനകൾ സേവനപരിരക്ഷകർക്കുവേണ്ടി പോരാടിയതുപോലെതന്നെ കോളേജ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഇന്നത്തേതിലും ഉയർത്തി പ്രയോജനകരമാക്കിത്തീർക്കുന്നതിനുവേണ്ടിയും പോരാടേണ്ടതില്ലേ? എന്നിങ്ങിനെ തോന്നിപ്പോകുന്നു. സ്റ്റാൻഡേർഡ് ഉയർത്തുന്നതിലേയ്ക്കു് ഈ പരിപാടികളാരംഭിക്കുമ്പോൾ അവക്കെതിരായും പ്രക്ഷോഭണങ്ങളുണ്ടാകാം. ആ അവസരത്തിലും അദ്ധ്യാപകസംഘടന യൂണിവേഴ്സിററിയുടേയും ഗവർമ്മേണ്ടിന്റേയും ഭാഗത്തു് ഉറച്ചുനിൽക്കുമെന്നു പ്രതീക്ഷിച്ചുകൊള്ളട്ടെ.

◆

## എ. കെ. പി. സി. ടി. എ. ബില്ലിനെ സ്വാഗതം ചെയ്യുന്നു

കഴിഞ്ഞ ഒക്ടോബർ മാസത്തിൽ തിരുവനന്തപുരത്തു കൂടിയ എ. കെ. പി. സി. ടി. എ.-യുടെ സമ്പൂർണ്ണ സമ്മേളനം കേരള സർവ്വകലാശാലാ ബില്ലിനെ മൊത്തമായും അതിലെ എട്ടാം അദ്ധ്യായത്തെ പ്രത്യേകമായും സ്വാഗതം ചെയ്യുകയുണ്ടായി. ഈ എട്ടാം അദ്ധ്യായം ആണ് സ്വകാര്യ കോളേജ് അദ്ധ്യാപകരുടെ അവകാശരേഖയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നതു്. ഈ ബില്ല് സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ പുരോഗമനാത്മകമായ ആധുനിക ലക്ഷ്യപ്രാപ്തിക്ക് ഉപകരിക്കുമെന്നുള്ളതുകൊണ്ടും സ്വകാര്യ കോളേജ് അദ്ധ്യാപകർക്ക് സേവനസ്ഥിരതയും നിയമാധിഷ്ഠിത അവന ഭദ്രതയും നല്കി നമ്മുടെ നില വളരെയധികം മെച്ചപ്പെടുത്തുമെന്ന് നമുക്ക് ഉത്തമവിശ്വാസം ഉള്ളതുകൊണ്ടാണ് ഇതിനെ നാം ബോധപൂർവ്വം സ്വാഗതം ചെയ്യുന്നതു്.

## പ്രൊബേഷനർമാരായ അദ്ധ്യാപകർ

കേരളത്തിലെ പ്രൈവററ് കോളേജുകളിലെ അദ്ധ്യാപകരിൽ പകുതിയിലധികംപേരും പ്രൊബേഷനറി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ളവരാണ്. പല കോളേജുകളിലും മിണ്ടാമൃഗങ്ങളോട് പെരുമാററുന്നതിലും മോശമായ തരത്തിലാണ് പ്രൊബേഷനർമാരായ അദ്ധ്യാപകരോട് മാനേജരന്മാരായ ചില പ്രിൻസിപ്പലന്മാർ പെരുമാറുന്നതു്. ഇത്തരം ചില കോളേജുകളിലാണ് ഈ കഴിഞ്ഞ കുറേ ആഴ്ചകൾക്കുള്ളിൽ പ്രിൻസിപ്പലന്മാർ അദ്ധ്യാപകരെ പററംചേർത്തു് സർവ്വകലാശാലാ ബില്ലിനെതിരായി പ്രമേയം പാസ്സാക്കിയതു്. പ്രൈവററ് കോളേജ് അദ്ധ്യാപകർക്ക് സേവനസ്ഥിരത ഉറപ്പു വരുത്തുകയും മാനേജ്മെന്റിന്റെ ഇന്നത്തെ എല്ലാ അവകാശങ്ങളും അതേപടി സംരക്ഷിക്കുകയുംവേണം എന്നുപറയുന്ന പ്രസ്തുത പ്രമേയത്തിന്റെ സാരം സ്വകാര്യകോളേജ് അദ്ധ്യാപകർക്ക് സേവനസ്ഥിരത വേണ്ടണം (വേണ്ട + വേണം = വേണ്ടണം) എന്നാണ്. നിസ്സഹായരായ ഈ അദ്ധ്യാപകരെക്കൊണ്ട് പ്രമേയം

പാസ്സാക്കിച്ചതു് വരാൻപോകുന്ന മറെറാരു നടപടിയുടെ മുന്നോടിയായിട്ടാണ്. പ്രൊബേഷനർമാരുടെ അരക്ഷിതാവസ്ഥയുടെ ഉത്തരവാദികളെന്നു കുപ്രസിദ്ധരായ ചില കോളേജുകളിലെ ദിവ്യന്മാരായ മാനേജരന്മാരും പ്രിൻസിപ്പലന്മാരുംകൂടി പാവങ്ങളായ ഈ അദ്ധ്യാപകരെ തങ്ങളുടെ ചാവേറുകളായി ബില്ലിനും എ. കെ. പി. സി. ടി. എ.-യ്ക്കും എതിരായി പ്രദർശനരംഗത്തിറക്കുന്നതിനു് അവരെ അണിയിക്കുന്നതിനുള്ള പുതുമയുടെ ആകർഷകതയുള്ള ഒരു കരിങ്കാലി അദ്ധ്യാപകസംഘടനയുടെ കുപ്പായം ധൃതഗതിയിൽ അണിയറയിൽ ഉന്നിക്കൊണ്ടിരിക്കുകയാണ്. ഈ ദിവ്യന്മാരുടെ പിണിയാളുകളായിനിന്നു് നിരപരാധികളായ പ്രൊബേഷനർമാരെ രംഗത്തേയ്ക്കു നയിക്കുന്നതു് സ്വാർത്ഥമോഹികളായ ചില പെരിയ സ്വാമിമാരാണെന്നും അറിവായിട്ടുണ്ടു്.

## പ്രൊബേഷനർമാർക്കു് സംരക്ഷണം

യൂണിവേഴ്സിററി ബില്ലിലെ 55-ാംവകുപ്പു് പ്രൊബേഷനറി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിരിക്കുന്ന അദ്ധ്യാപകർക്കു് പരമാവധി സംരക്ഷണം നല്കുന്നതിനുവേണ്ടിയുള്ളതാണ്. ഈ വകുപ്പു് പാസ്സായി നിയമമാകുന്നതോടുകൂടി കേരള വിദ്യാഭ്യാസചട്ടങ്ങൾ (കെ. ഇ. ആർ.) അനുസരിച്ചു് കേരളത്തിലെ പ്രൈവററ് സ്കൂളുകളിൽ ജോലിചെയ്യുന്ന പ്രൊബേഷനർമാരായ അദ്ധ്യാപകർക്കു് ഇപ്പോൾ ലഭിക്കുന്ന സംരക്ഷണം പ്രൈവററ് സ്കൂളുകളിലെ അതേ വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകർക്കും ലഭിക്കും. എന്താണാ സംരക്ഷണം? ഈ വകുപ്പനുസരിച്ചു് പ്രൊബേഷന്റെ കാലാവധി ഒരു വർഷമായി ചുരുങ്ങും! വേക്കൻസി ഇല്ലായ്മ കാരണമേ പ്രൊബേഷൻ കാലത്തു് ഒരദ്ധ്യാപകനെ പിരിച്ചുവിടാൻ പാടുള്ളു! പ്രൊബേഷൻ കാലാവധി കഴിയുന്നതോടെ ഒരദ്ധ്യാപകനെ പിരിച്ചുവിടണമെന്നു് മാനേജ്മെൻറ് തീരുമാനിക്കുകയാണെങ്കിൽ ആ തീരുമാനത്തിനെതിരായി സമാധാനം ബോധിപ്പിക്കാൻ അദ്ധ്യാപകനു് അവസരം നല്കിയിരിക്കണം; പിരിച്ചുവിടപ്പെടുന്ന അദ്ധ്യാപകനു് മാനേജ്മെൻറിന്റെ തീരുമാനത്തിനെതിരായി പരാതി ഉണ്ടെങ്കിൽ യൂണിവേഴ്സിററിയിൽ അപ്പീൽ ബോധിപ്പിക്കാം; വേക്കൻസി ഇല്ലായ്മമൂലം പിരിച്ചുവിടപ്പെടുന്ന പ്രൊബേഷനറി അദ്ധ്യാപകനു് ആ കോളേജിൽ അതേ വിഭാഗത്തിൽ വീണ്ടും വേക്കൻസി ഉണ്ടായാൽ വീണ്ടും നിയമിക്കപ്പെടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും; പ്രൊബേഷൻ കാലാവധി അവസാനിച്ചു് ഒരു മാസത്തിനുള്ളിൽ ഒരു അദ്ധ്യാപകനു് മാനേജ്മെൻറ് സ്ഥിരപ്പെടുത്തൽ ഉത്തരവു നല്കുന്നില്ലെങ്കിൽ നിയമപ്രകാരം അയാൾ സ്ഥിരപ്പെടുത്തപ്പെട്ട അദ്ധ്യാപകനായി പരിഗണിക്കപ്പെടും. ഇവയ്ക്കുപുറമേ, ഇപ്പോൾ പ്രൊബേഷനറി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിരിക്കുന്ന അദ്ധ്യാപകർ ബില്ല നിയമമാകുന്ന തീയതിക്കു് തൊട്ടുമുമ്പു് ഒരു വർഷത്തെ പ്രൊബേഷൻ കാലാവധി പൂർത്തിയാക്കുകയാണെങ്കിൽ നിയമത്തിലെ മററു വ്യവസ്ഥകൾക്കു വിധേയമായി സ്ഥിരപ്പെടുത്തപ്പെടുന്നതിനു് അവർ അർഹരായിരിക്കും.

## പ്രിൻസിപ്പലന്മാരും പ്രൊബേഷനറി അദ്ധ്യാപകരും

പ്രൊബേഷനർമാരായ അദ്ധ്യാപകർക്കു് ഇത്രമാത്രം സംരക്ഷണം ഉറപ്പുനല്കുന്ന വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നതു് യാതനകളിലും സമരങ്ങളിലും നിവേദനങ്ങളിലുംകൂടി എ. കെ. പി. സി. ടി. എ. നടത്തിയ നിരന്തരമായ പരിശ്രമങ്ങൾമൂലമാണ്. പക്ഷേ, കുറേ പ്രിൻസിപ്പലന്മാർക്കു് ഈ വ്യവസ്ഥകൾ തീരെ ഇഷ്ടപ്പെട്ടിട്ടില്ല. കഴിഞ്ഞ ആഗസ്റ്റ്മാസം രണ്ടാം ആഴ്ചയിൽ അവർ സംസ്ഥാനവിദ്യാഭ്യാസമന്ത്രിക്കും ഗവർണർക്കും ഒരു നിവേദനം സമർപ്പിച്ചു. പ്രൊബേഷൻ കാലാവധി മൂന്നു വർഷം ആയിരിക്കണമെന്നും പ്രൊബേഷനർമാരായ അദ്ധ്യാപകരെ യഥേഷ്ടം പിരിച്ചുവിടുന്നതിനുള്ള സ്വാതന്ത്ര്യം മാനേജ്മെൻറുകൾക്കുണ്ടായിരിക്കണമെന്നും ഇക്കാര്യത്തിൽ മാനേജ്മെൻറുകൾ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കണമെന്നും യൂണിവേഴ്സിററിക്കു് അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അവകാശം പിരിച്ചുവിടപ്പെടുന്ന അദ്ധ്യാപകനു് ഉണ്ടായിരിക്കരുതെന്നുമാണ് അവർ ആവശ്യപ്പെട്ടതു്. അമ്പേ! അദ്ധ്യാപകനോടുള്ള സ്നേഹത്തിന്റെ ഹിമാലയശൃംഗങ്ങളിലാണ് ഈ പ്രിൻസിപ്പലന്മാർ! വെറുതെയാണോ സർവ്വകലാശാലാബില്ലു് അദ്ധ്യാപകന്റെ നില മെച്ചപ്പെടുത്തുന്നതിനുതകുന്നതാണെന്ന വാദം പൊള്ളയാണെന്നു് പ്രിൻസിപ്പൽസ് കൗൺസിൽ പറയുന്നതു്?

## അദ്ധ്യാപകന്റെ നില മെച്ചപ്പെടുത്തുന്നു

സംസ്ഥാനത്തെ പ്രൈവററ് കോളേജുകളിൽ പണിയെടുക്കുന്ന രണ്ടായിരത്തി അഞ്ഞൂറിൽഅധികം പ്രൊബേഷനറി അദ്ധ്യാപകർക്കു് ഈ ബില്ലിന്റെ ആനുകൂല്യത്തോടുകൂടി സേവനസ്ഥിരത ലഭിക്കുമെന്നുള്ള ഒരൊററ കാരണംകൊണ്ടുതന്നെ—അദ്ധ്യാപകനു നന്മചെയ്യുന്ന മററനവധി വ്യവസ്ഥകൾ വേറേയും അതിലുണ്ടെങ്കിലും—ഇതു് അദ്ധ്യാപകരുടെ നില മെച്ചപ്പെടുന്നതിനു് ഉതകുന്നതാണെന്നു് എ. കെ. പി. സി. ടി. എ. വിശ്വസിക്കുന്നു. പ്രൊബേഷനർമാർ എന്നും തങ്ങളുടെ അടിമകളായിരിക്കണമെന്നു് കരുതുന്ന അദ്ധ്യാപകസ്നേഹികളായ ചില പ്രിൻസിപ്പലന്മാർ മനസ്സറിഞ്ഞു് ഒരിക്കലും പരസ്യമായി ഈ വസ്തുത സമ്മതിക്കുകയില്ലെന്നു് അവരുടെ മനഃശാസ്ത്രം അറിയാവുന്നവർക്കൊക്കെ ഊഹിക്കാൻ കഴിയും. പടിഞ്ഞാറൻ രാജ്യങ്ങളിൽ അടിമവ്യാപാരം നിരുത്തലാക്കുന്ന നിയമനിർമ്മാണം നടന്നുകൊണ്ടിരുന്നപ്പോൾ അടിമക്കച്ചവടക്കാരും

അടിമകളുടെ ഉടമസ്ഥന്മാരും പറഞ്ഞിരുന്നതാണ്.—"ഈ നിയമനിർമ്മാണം, അടിമകളുടെ നില മെച്ചപ്പെടുത്തുന്നതിന് ഉതകുമെന്ന വാദം പൊള്ളയാണ്."

## ചെന്നായ്ക്കളെ സൂക്ഷിക്കുക

പ്രൈവറ്റ് കോളേജ് അദ്ധ്യാപകൻെറ വ്യക്തിത്വവും അഭിമാനബോധവും നിലനിറുത്തുന്നതിനുവേണ്ടി കേരള സർവ്വകലാശാലാ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന മറ്റനവധി വകുപ്പുകളെപ്പറ്റി സവിസ്തരം പ്രതിപാദിക്കാനുണ്ടെങ്കിലും തല്ക്കാലം ഇതുകൊണ്ട് നിറുത്തുകയാണ്. ബില്ല് അദ്ധ്യാപകന് നന്മയൊന്നും ചെയ്യുകയില്ലെന്ന് പറയുന്ന പ്രിൻസിപ്പലന്മാരെപ്പറ്റി എ. കെ. പി. സി. ടി. എ.യ്ക്ക് പറയുവാനുള്ളത് ഇത് മാത്രമാണ്—"കുഞ്ഞാടുകളുടെ വേഷത്തിൽ നിങ്ങളുടെ ഇടയിൽ വരുന്ന വ്യാജപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുക; എന്തുകൊണ്ടെന്നാൽ അവർ അകമേ കടിച്ചുകീറുന്ന ചെന്നായ്ക്കളാകുന്നു."




**BINNY'S READY-MADE GARMETS**

COTTON AND TERENE / COTTON

**DRESS & DUAL SHIRTS**

AVAILABLE AT MILLS FIXED PRICE

*Authorised Dealers :*

P. N. SANKARA PILLAI SONS,

**P. N. S. TEXTILES, PUNALUR.**

Phone: 77

FRIDAY HOLIDAY

# THE CHANGING SOCIAL SCENE: THE WRITER AND THE READER

C. H. KUNHAPPA

MOST of us, in varying degrees, combine in ourselves the role both of writer and reader. Hence, if only we can split ourselves and look closely into the writer and the reader within we might be able to form a more or less correct judgment about the changes brought by the last two or three decades. However, having been, professionally, a writer of sorts and a reader, perforce, of ephemeral literature in the shape of news reports and newspaper articles for close upon for decades, I am [afraid, I have lost touch with good writing and become a stranger to good reading. I may also remind you that reading, I may also remind you that reading has been defined as thinking with a strange head.

The world's life has often been compared to a flowing stream. Mother Ganga might sometimes be muddy, sometimes clear; but life within and on the Ganga flows on for ever. Even so with social life. Often it might break its banks, sometimes dry up. But always it continues to be the same stream. The changes, such as we often note, may only be passing ones. We need not make a fuss about them.

Someone defined a net as a number of holes sewn together with thread. What I am going to do now is to gather a number of wise sayings of better and greater minds and string them up with as few words of mine as possible. The original thinker is a rarity and when he does make his appearance we often stove him to death. So, it is perhaps well that some of us do not make any pretence to original thinking.

Writing and reading are forms of communication. In any communication the medium plays a very important part. Often it distorts. Even when there is no distortion, subtle changes are effected. The increase in population, the advance in education, the technological revolution in the media of mass communication, the prospect of making easy money: these have been responsible for vast changes, in the last quarter of a century, in both the reader and the writer. While in the old days a man wrote out of a sense of compulsion caused either by the creative urge or the need to communicate deeply held convictions based on meticulously thought-out arguments, the modern writer's inner compulsion is the need for money either to purchase bread or for ostentation. He is often in a hurry and dashes off cliches in endless profusion out of which the mindless reader gains some sort of confused delectation. I mean no disparagement to the present day writers; among whom I count myself as one. We are pressed for time; we are in a hurry. My paper or my book must be first in a vastly competitive field. Otherwise I go to the wall. Hence I have little time to think over the subject. It is often a buyer's market. You have a vast clamouring public, mostly just literate. They want titillation of some sort. Only very rarely a genius shines forth, as Gandhiji did in the political field. Then he is all the rage. But often it so happens that he is not admired for the "Essential he"—even as Gandhiji was venerated not for his truth and Non-voilence, but for his political effectiveness.

I shall now make a call on Lord Mountbatten to help me out of the trouble into which I have plunged myself. In a recent article on Gandhiji he has this to say. "he (Gandhiji) was not, he said, in principle against using it (radio) altogether; but he had to know whom he was addressing, whether it was five people or five lakhs. So when he finally consented to speak over. All India Radio at the time of the Punjab crisis he asked to do so on the basis that he was addressing his audience—in this instance the refugees at Kurukshetra directly and exclusively. Here again, far from being old-fashioned, he was probably ahead of his time. The sincere message may well need the closed circuit. "Note that," the sincere message may well need the closed circuit".

പ്രൈവററ് കോളേജദ്ധ്യാപകരുടെ വേതനനിരക്കുകളിൽ 1–10–65–ലും 1–4–66–ലും നടപ്പിലാക്കിയ പരിഷ്കരണം മൂലം തുല്യജോലിക്കു തുല്യവേതനം എന്ന തത്വം പൊതുവായി അംഗീകരിക്കപ്പെട്ടെങ്കിലും രണ്ടാംഗ്രേഡ് പ്രൊഫസർമാരുടെ ശമ്പളസ്കെയിൽ, അവരും ലക്ചറർമാരുമായുള്ള അനുപാതക്രമം എന്നീ കാര്യങ്ങളിൽ "പാരിററി"യുടെ പ്രയോജനം ഇനിയും നമുക്കു ലഭിച്ചിട്ടില്ല. 1–10–'65–ലെ ശമ്പളപരിഷ്കരണത്തിൽ വിഭാവനം ചെയ്തിരുന്ന സീനിയർ ലക്ചറർഗ്രേഡ് ഗവമ്മെണ്ടു കോളേജദ്ധ്യാപകരുടെ ശമ്പളഘടനയുമായി പൊരുത്തപ്പെടാത്തതുകൊണ്ടു നമുക്കു ലഭ്യമായില്ല. നാലാം പഞ്ചവത്സരപദ്ധതിക്കാലത്തേക്കു യു. ജി. സി. അംഗീകരിച്ച ശമ്പളനിരക്കുകളിലും തസ്തികകളുടെ അനുപാതക്രമത്തിലും ഗവമ്മെൻറ് കോളേജദ്ധ്യാപകരുടേതുമായി പൊരുത്തപ്പെടാത്താണെന്ന പേരിൽ പല വെട്ടിക്കുറയ്ക്കലുകളും വരുത്തിയാണു് 1–4–'66 മുതൽ കേരളത്തിൽ നടപ്പിലാക്കിയതു്. ഇങ്ങനെ "പാരിററി" എന്ന തത്വത്തിൻെറ പേരിൽ, യു. ജി. സി.യിൽനിന്നു് ലഭിക്കാമായിരുന്ന ചില ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയും അതേസമയം "പാരിററി"യുടെ മുഴുവൻ പ്രയോജനവും നമുക്കു നൽകാത്തതുമായ പരസ്പരവിരുദ്ധമായ നിലപാടാണു് ഗവമ്മെൻറ് ഇക്കാര്യത്തിൽ സ്വീകരിച്ചതു്. വേതനക്കാര്യത്തിലുള്ള ഇത്തരം വൈരുദ്ധ്യങ്ങളുടെ പരിഹാരത്തിനും പെൻഷൻ തുടങ്ങിയ റിട്ടയർമെൻറാനുകൂല്യങ്ങൾക്കും സേവനഭദ്രതയോടൊപ്പംതന്നെ പ്രാധാന്യം നാം നൽകിയിരുന്നതുകൊണ്ടാണു് 17–2–68–ൽ ഗവമ്മെൻറ് നൽകിയ ഉറപ്പിൽ പ്രസ്തുത പ്രശ്നങ്ങൾ അനുഭാവപൂർവമായി പരിഗണിക്കാമെന്നു സമ്മതിച്ചിരുന്നതു്.

പാലിക്കപ്പെടാത്ത ഉറപ്പുകളുടെ കൂട്ടത്തിൽ മൂന്നാംക്ലാസ്സ് പോസ്റ്റ്ഗ്രാഡ്വേററ് ബിരുദധാരികളുടെ പ്രമോഷനു് 2–1–67–ലെ ഗവമ്മെൻറുത്തരവുമൂലം വന്ന നിയന്ത്രണങ്ങൾ നീക്കുന്ന കാര്യവും ഉൾപ്പെടുന്നു. മൂന്നാംക്ലാസ്സിൻെറ പേരിൽ പ്രസ്തുത ഗവൺമെൻറുത്തരവു് പുറപ്പെടുവിച്ച തീയതിയിൽ സർവ്വീസിലുണ്ടായിരുന്നവർക്കു മേലിലുണ്ടാവുന്ന ഉദ്യോഗക്കയററം നിഷേധിക്കപ്പെടുന്നതു സാമാന്യനീതിക്കു നിരക്കാത്തതാണെന്നുള്ളതുകൊണ്ടു് മുകളിൽപറഞ്ഞ നിയന്ത്രണം എടുത്തുകളയണമെന്നുള്ളതാണു് ഇക്കാര്യത്തിൽ അസോസിയേഷൻെറ അസന്നിഗ്ദ്ധമായ നിലപാട്. 17–2–68–നുശേഷം പല തവണ നിവേദനങ്ങൾ നടത്തിയെങ്കിലും സേവനഭദ്രതക്കുവേണ്ട വ്യവസ്ഥകളടങ്ങിയ യൂണിവേഴ്സിററി ബിൽ ഒഴികെയുള്ള കാര്യങ്ങളിൽ എല്ലാം തന്നെ സർക്കാർ തന്ന ഉറപ്പുകൾ പാലിക്കപ്പെടാതെ അവശേഷിക്കുകയാണു്. റിട്ടയർമെൻറാനുകൂല്യങ്ങളുടെ കാര്യത്തിൽ നമ്മുടെ പ്രതിനിധികളടങ്ങിയ യൂണിവേഴ്സിററി സബ്കമ്മററി തയ്യാറാക്കിയ സമഗ്രമായ ഒരു ത്രിമുഖപദ്ധതി (പെൻഷനും ഗ്രാററുവിററിയും ഇൻഷ്വറൻസുമടങ്ങിയതു്) ഗവമ്മെൻറിനു സമർപ്പിച്ചിട്ടും പതിവുപോലെ സാമ്പത്തികബാദ്ധ്യതയാകുന്ന നൂലാമാലയിൽ കുരുങ്ങി സെക്രട്ടേറിയേററിലെവിടേയോ വെളിച്ചംകാണാതെ കിടക്കുന്നേ ഉള്ളു. ഉറപ്പുകളെക്കുറിച്ചു വിശദമായി ചർച്ചചെയ്തു തീരുമാനങ്ങളെടുക്കാൻ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടാമെന്നുള്ളതാണു് വിദ്യാഭ്യാസമന്ത്രിയുടെ പാലിക്കപ്പെടാത്ത ഉറപ്പുകളിൽ അവസാനത്തേതു്. അദ്ധ്യാപകവിരുദ്ധമായ ഈ നിലപാടുമാററി സേവനഭദ്രതയുടെ കാര്യത്തിൽ കാണിച്ച ഉദാരമായ പുരോഗമനനയം മററവശതകൾ പരിഹരിക്കുന്നതിലും അനുവർത്തിച്ചു് സത്വരമായ പ്രശ്നപരിഹാരമുണ്ടാക്കാനുള്ള ദൂരക്കാഴ്ച ബഹു: വിദ്യാഭ്യാസമന്ത്രിക്കുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

## യൂണിവേഴ്സിററി ഭരണസമിതികളിലെ പ്രവർത്തനം

സെനററിലും സിൻഡിക്കേററിലുമുള്ള നമ്മുടെ പ്രതിനിധികൾ അദ്ധ്യാപകരുടെ ഉത്തമതാല്പര്യങ്ങൾ സംരക്ഷി

ക്കുന്നതിലും നിക്ഷിപ്തതാല്പര്യങ്ങളുടെ ഉപജാപങ്ങളെ യഥാസമയം പരാജയപ്പെടുത്തുന്നതിലും റിപ്പോർട്ടുകാലത്തു് ഉണർവ്വോടുകൂടി പ്രവത്തിച്ചിട്ടുണ്ടു്: പ്രൊബേഷൻകാരെ സംബന്ധിക്കുന്നതും സേവനവ്യവസ്ഥകളിൽനിന്നു് തന്ത്രപൂർവ്വം വിട്ടുകളയപ്പെട്ടതുമായ പരിരക്ഷ എട്ടുമാസമെങ്കിലും സർവ്വീസുള്ളവരുടെ കാര്യത്തിൽ പുന:സ്ഥാപിക്കുന്നതിലും, പെൻഷൻപദ്ധതി യൂണിവേഴ്സിററിയെക്കൊണ്ടു് അംഗീകരിപ്പിക്കുന്നതിലും, സേവനവ്യവസ്ഥകളുടെ ഓർഡിനൻസുകൾ ഭാഗികമായിട്ടെങ്കിലും നടപ്പാക്കിക്കുന്നതിലും നമ്മുടെ പ്രതിനിധിയായ സിൻഡിക്കേററമെമ്പർ ശ്രീ. വി. ആർ. സുബ്രഹ്മണ്യം ചെയ്ത സേവനങ്ങൾ പ്രത്യേകം പ്രസ്താവ്യമാണു്. സർവ്വകലാശാല കരടുബില്ലിൽ ചച്ചചെയ്യാൻ കൂടിയ പ്രത്യേക സെനററയോഗത്തിൽ അസോസിയേഷൻ പ്രതിനിധികളായ സെനററ് അംഗങ്ങൾക്കു് അദ്ധ്യാപകതാല്പര്യങ്ങൾ ഏററവും സമത്ഥമായി അവതരിപ്പിച്ചു് നമുക്കനുകൂലമായി വിദഗ്ദ്ധാഭിപ്രായം രൂപപ്പെടുത്താൻ കഴിഞ്ഞതു് എടുത്തുപറയത്തക്ക ഒരു നേട്ടമാണു്. പുരോഗമനപരമായ എല്ലാ പ്രവത്തനങ്ങളിലും സെനറേറഴ്സ് ഫോറത്തിന്റെ ഭാഗമായി പ്രവത്തിച്ച സെനററിലെ നമ്മുടെ പ്രതിനിധികൾ ആക്കും അവഗണിക്കാനാവാത്ത ശക്തിയായിരുന്നുവെന്നതു് നമുക്കേവക്കും അഭിമാനിക്കത്തക്ക കാര്യമാണു്. സെനററിലെ നമ്മുടെ പ്രവത്തനങ്ങളിൽ നമ്മെ ഏററവുമധികം സഹായിച്ചിട്ടുള്ള സെനറേറഴ്സ് ഫോറം ജനറൽ കൺവീനർ ശ്രീ. പി. കെ. നായരോടു് സംഘടനക്കുള്ള നിസ്സീമമായ കൃതജ്ഞത ഇത്തരുണത്തിൽ രേഖപ്പെടുത്തിക്കൊള്ളട്ടെ.

## യൂണിററുകളിലെ പ്രശ്നങ്ങൾ

ശമ്പളപരിഷ്കരണത്തിലും അതിന്റെ ചിലവിലേക്കായി ഗവൺമെൻറ് മാനേജ്മെൻറുകൾക്കു് നൽകുന്ന ഗ്രാൻറ് കൂട്ടിക്കിട്ടുന്നതിനുമായി അദ്ധ്യാപകർ നടത്തിയിട്ടുള്ള എല്ലാ സമരങ്ങൾക്കും കേരളത്തിലെ പ്രൈവററ് കോളേജ് മാനേജ്മെൻറുകൾ പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹാശിസ്സുകൾ നൽകിയിട്ടുണ്ടെങ്കിലും മെച്ചപ്പെട്ട സേവനവ്യവസ്ഥകൾക്കും, സേവനഭദ്രതക്കുംവേണ്ടി എ. കെ. പി. സി. ടി. എ.യുടെ ചരിത്രത്തിലാദ്യമായി 1968 ഫെബ്രുവരിയിൽ അദ്ധ്യാപകർ നടത്തിയ സമരം ഭിന്നതാല്പര്യങ്ങളുടെ സംഘട്ടനത്തിനും തന്മൂലം വഷളായിത്തീന്ന ബന്ധങ്ങൾക്കും കാരണമായി. അവകാശബോധമുണ്ടായ ഒരദ്ധ്യാപകവഗ്ഗത്തിനു് കരഗതമാകുവാൻ പോകുന്ന നേട്ടങ്ങളുടെ പരിണതഫലം അനഹമായി അനുഭവിച്ചുകൊണ്ടിരുന്ന പല അവകാശങ്ങളുടേയും നിഷേധമാകുമെന്നു് കരുതിയ പല മാനേജ്മെൻറുകളും "ഒടുവിലത്തെ അവസരം" ക്രൂരമായിതന്നെ ഉപയോഗിച്ചു. അനവധി പ്രൊബേഷനറിയും ടെമ്പററിയുമായ അദ്ധ്യാപകർ ഈ വിധിവൈപരീത്യത്തിനു് ഇരയായി. 1967-68 അദ്ധ്യയനവഷത്തിന്റെ അവസാനം കേരളത്തിലങ്ങോളമിങ്ങോളം ആരംഭിച്ച ഈ സംഹാരപ്രക്രിയയുടെ കരിനിഴലോടെയാണു് 1968-69 അദ്ധ്യയനവഷം ആരംഭിച്ചതു്. സംഘടനയുടെ പല ഘടകങ്ങളിലും ഇതിനു് നിരാശതാബോധപൂണ്ണമായ പ്രതികരണമാണു് ഉണ്ടായതെങ്കിലും, എ. കെ. പി. സി. ടി. എ.യ്ക്കു് ജന്മംനൽകിയ എസ്. എൻ. കോളേജ് ഈ വെല്ലുവിളി നേരിടുകതന്നെ ചെയ്തു. ഏററവും ശക്തമായ ഒരു കോപ്പറേററ് മാനേജ്മെൻറിനേയും അവരുടെ രണ്ടാംനിരയായി പ്രവത്തിച്ച എന്തുംചെയ്യാൻ മടിയില്ലാതിരുന്ന ഒരു സംഘം ഗുണ്ടകളേയും നേരിട്ടുകൊണ്ടു് സംഘടനാബോധമുള്ള ഒരദ്ധ്യാപകവിഭാഗം എ. കെ. പി. സി. ടി. എ.യുടെ കൊടിക്കീഴിൽ നടത്തിയ ഐതിഹാസികമായ ആ സമരം അറുപതുദിവസം നീണ്ടുനിന്നു. പൊതുജനപ്രതിനിധികളുടെ നിരന്തരസഹായവും അദ്ധ്യാപകരുടെപതറാത്ത നിശ്ചയദാർഢ്യവും മൂലം പിരിച്ചുവിടപ്പെട്ട 37 പേരിൽ 36 പേരേയും തിരിച്ചെടുപ്പിയ്ക്കുവാനും പില്ക്കാലത്തു് യൂനിവേഴ്സിററി ബില്ലിനു് രൂപം നൽകുന്നതിനു് സഹായകമായ പൊതുജനാഭിപ്രായത്തിന്റെ ഒരു ശക്തിദുഗ്ഗം ഉണ്ടാക്കാനും സാധിച്ചതു് നമ്മുടെ സംഘടനയുടെ ചരിത്രത്തിലെ ഉജ്ജ്വലമായ ഒരു നേട്ടമാണു്. ഭീഷണിയ്ക്കും, പ്രലോഭനങ്ങൾക്കും ഗുണ്ടായിസത്തിനും തല കുനിയ്ക്കാതിരുന്ന എസ്. എൻ. കോളേജ് അദ്ധ്യാപകക്കും, വിശിഷ്യ, അപ്രതീക്ഷിതമായ മന:സാന്നിദ്ധ്യം കാണിച്ച അദ്ധ്യാപികമാക്കും; എ. കെ. പി. സി. ടി. എ.യുടെ അഭിവാദ്യങ്ങൾ! കൊല്ലം നഗരത്തിലെ ഉൽബുദ്ധരായ പൊതുജനപ്രവത്തകക്കും നീതിക്കുവേണ്ടി സമരംചെയ്ത നമുക്കു് അനുകൂലമായി പൊതുജനാഭിപ്രായം രൂപപ്പെടുത്താൻ സഹായിച്ച സർവ്വശ്രീ വി. ഗംഗാധരൻ (എക്സ് സ്പീക്കർ) പി. രവീന്ദ്രൻ എം. എൽ. എ., കെ. സദാശിവൻ (എക്സ് എം. പി.) എൻ. തങ്കപ്പൻ (മുൻസിപ്പൽ ചെയർമാൻ) എന്നിവക്കും സമരം ഒത്തുതീപ്പിലെത്തിക്കാൻ സഹായിച്ച ശ്രീ. ബേബി ജോൺ എം. എൽ. എ.ക്കും, ശ്രീ. വക്കം രാധാകൃഷ്ണനും സംഘടനയുടെ ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ.

ഇതുപോലെതന്നെ കോട്ടയം ബെസേലിയസ് കോളേജിൽനിന്നു് പിരിച്ചുവിടപ്പെട്ട പ്രൊബേഷനറി അദ്ധ്യാപകരുടെ പ്രശ്നവും, സംഘടനാനേതൃത്വവും പ്രസ്തുത മാനേജ്മെൻറുമായി നടന്ന കൂടിയാലോചനകളുടെ അടിസ്ഥാനത്തിൽ പരിഹരിക്കാൻ സാധിച്ചിട്ടുണ്ടു്.

അദ്ധ്യാപകസമരത്തിനെതിരായി മാനേജ്മെൻറിന്റെ പ്രതികാരാഗ്നി ആളികത്തിയ മറെറാരു രംഗം ഫാത്തിമാകോളേജായിരുന്നു. അവിടത്തെ ചില പ്രത്യേക സാഹചര്യങ്ങൾകൊണ്ടു്, ഭൂരിപക്ഷമില്ലായിരുന്നെങ്കിലും സംഘടനയുടെ ആഹ്വാനമനുസരിച്ചു്, വിജയകരമായി

പണിമുടക്കിയ ധീരരായ നമ്മുടെ സുഹൃത്തുക്കളെ അദ്ധ്യാപകസംഘടനത്തിന് പേരുകേട്ട അവിടത്തെ പ്രിൻസിപ്പലിന്റെ ശിക്ഷണനടപടികൾക്ക് വിധേയരാകേണ്ടിവന്നു. അവരിൽ 3 കൊല്ലത്തെ തുടർച്ചയായി സർവ്വീസുള്ള ശ്രീ. എസ്. മൈക്കൽ എന്ന ലക്ചററെ യൂണിവേഴ്സിററി ഓർഡിനൻസുകളെയെല്ലാം കാററിൽ പറത്തിക്കൊണ്ട് മാനേജ്മെൻറ് പിരിച്ചുവിട്ടു. ഈ അനീതിക്കെതിരായി ശ്രീ. മൈക്കൽ യൂണിവേഴ്സിററിക്ക് കൊടുത്ത പെററീഷൻ അനുസരിച്ച്, രജിസ്ട്രാർ, വൈസ്ചാൻസലർ, സിൻഡിക്കേററ് പ്രസ്തുത പിരിച്ചുവിടൽ നിയമവിരുദ്ധമാണെന്നും അദ്ദേഹത്തെ ഉടനടി വീണ്ടും ജോലിയിൽ പ്രവേശിപ്പിച്ചുകൊള്ളണമെന്നും പ്രത്യേകം പ്രത്യേകം മാനേജ്മെൻറിന് നിർദ്ദേശങ്ങൾ നൽകിയെങ്കിലും, അവയെല്ലാം മാനേജ്മെൻറ് ധിക്കാരപൂർവ്വം അവഗണിക്കയാണുണ്ടായത്. പ്രൈവററ് മാനേജ്മെൻറുകളുടെ കാര്യത്തിൽ സ്വന്തം നിർദ്ദേശങ്ങൾപോലും നടപ്പിലാക്കാൻ കഴിവില്ലാത്ത യൂണിവേഴ്സിററി രസകരമായ ഒരു പ്രശ്നപരിഹാരമാണ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത്. പ്രായോഗികമായി ഫലപ്രദമല്ലെന്ന് പലപ്പോഴും തെളിയിക്കപ്പെട്ടിട്ടുള്ളതും വർഷങ്ങളോളം നീണ്ടുനിൽക്കുന്നതുമായ ആർബിട്രേഷന് അപേക്ഷിച്ച് ശ്രീ. മൈക്കൽ സങ്കടനിവാരണം വരുത്തിക്കൊള്ളട്ടെ എന്നാണ് സിൻഡിക്കേററിന്റെ വിചിത്രമായ ഏററവും ഒടുവിലത്തെ തീരുമാനം. സാമാന്യനീതിപോലും നൽകാതെ, യാതൊരു തത്വദീക്ഷയുമില്ലാതെ മാനേജ്മെൻറ് പിരിച്ചുവിട്ട ഒരദ്ധ്യാപകന് നിയമാനുസൃതമായ മററ മാർഗ്ഗങ്ങളിൽകൂടി ലഭിച്ച സങ്കടപരിഹാരത്തിന്റെ കഥയാണിത്. 1967 ആഗസ്റ്റ് ഒന്നിനുശേഷം പ്രൈവററ് കോളേജദ്ധ്യാപകരും മാനേജ്മെൻറുമായി സേവനവ്യവസ്ഥകളെക്കുറിച്ചുണ്ടായിട്ടുള്ള തർക്കങ്ങളെല്ലാം പുതിയ ആക്റ്റിലെ നിയമാധിഷ്ഠിതസേവനവ്യവസ്ഥകളനുസരിച്ച് തീരുമാനിക്കപ്പെടണമെന്നുള്ള അതിലെ 57-ാം വകുപ്പ് പ്രയോഗത്തിൽ വരുമ്പോൾ ഇന്ന് നീതി നിഷേധിക്കപ്പെട്ടിരിക്കുന്ന ശ്രീ മൈക്കലിന് നീതി ലഭിക്കുമെന്നുള്ളത് അവിതർക്കിതമാണ്. അങ്ങിനെ അടുത്തുതന്നെ ഈ പ്രശ്നത്തിനും ന്യായമായ പരിഹാരം ഉണ്ടാകുമെന്ന് ആശിക്കാം.

എസ്. എൻ. കോളേജുകളിലേയും എൻ. എസ്. എസ്. കോളേജുകളിലേയും അദ്ധ്യാപകർ തങ്ങളുടെ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന അനീതികൾക്കെതിരായും അവശതാപരിഹാരത്തിനായും, ഗവമെൻറിനും യൂണിവേഴ്സിററിക്കും മെമ്മോറാണ്ടങ്ങൾ നൽകുകയുണ്ടായി. പരാതികളെക്കുറിച്ചന്വേഷിക്കാൻ സിൻഡിക്കേററ് ഒരു കമ്മീഷനെ നിയമിച്ചെങ്കിലും പ്രൈവററ്കോളേജ് മാനേജ്മെൻറുകൾക്കും അവരുടെ വക്താക്കൾക്കും പ്രാമുഖ്യം നൽകിക്കൊണ്ട് സംഘടിപ്പിച്ച പ്രസ്തുത കമ്മീഷനെ നമുക്ക് ബഹിഷ്കരിക്കേണ്ടിവന്നു എന്ന വിവരവും റിപ്പോർട്ടുചെയ്തുകൊള്ളട്ടെ.

700-ൽഅധികം അദ്ധ്യാപകർ ജോലി ചെയ്യുന്ന എൻ. എസ്സ്. എസ്സ്. കോളേജുകളിൽ നടപ്പുവർഷത്തിൽ ഒരദ്ധ്യാപകനെപ്പോലും പിരിച്ചുവിട്ടിട്ടില്ലെന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവയോഗ്യമാണ്. ഈ കോളേജുകളിലെ അദ്ധ്യാപകരുടെ വിവിധ പ്രശ്നങ്ങളുടെ പരിഹാരത്തിനായി സമരം അനിവാര്യമായേക്കാവുന്ന ഘട്ടമെത്തിയെങ്കിലും അദ്ധ്യാപകരുടെ സംഘടനാശക്തിയും മാനേജ്മെൻറിന്റെ ദീർഘവീക്ഷണവും മൂലം സമരം ഒഴിവാക്കാനും മു- പ്രധാനപ്രശ്നങ്ങളെല്ലാം തന്നെ അനുരഞ്ജനത്തിലൂടെ പരിഹരിച്ചുകൊണ്ടിരിക്കുന്നതായും അറിയിക്കുവാൻ സന്തോഷമുണ്ട്.

കാലടി ശ്രീ ശങ്കരാ കോളേജിലെ അദ്ധ്യാപകർ ജൂനിയർ ലക്ചറർമാരുടെ പ്രമോഷൻ, യൂണി. ഓർഡിനൻസുകളനുസരിച്ച് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുക, പ്രൊവി: ഫണ്ടിലേക്ക് 1965 മുതലുള്ള അദ്ധ്യാപകവിഹിതം പിരിച്ചെടുത്തിട്ടും, നിയമമനുശാസിക്കുന്നവിധത്തിൽ അടക്കാതിരിക്കുക തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിച്ചുകിട്ടുവാൻ ഈ വർഷാരംഭത്തിൽ മാനേജുമെൻറിൽ നിവേദനം സമർപ്പിച്ചിരുന്നു. തുടർന്നു നടന്ന ചർച്ചകളും പ്രസിഡൻറ് ശ്രീ. സി. സ്കറിയാ, ശ്രീ. വി. ആർ. സുബ്രഹ്മണ്യം എന്നിവരുടെ അനുരഞ്ജകസംഭാഷണങ്ങളും ഫലപ്രദമാകാതെ വന്നപ്പോൾ അദ്ധ്യാപകർക്ക് പണിമുടക്കേണ്ടിവന്നു. ഏതാനും ദിവസങ്ങൾക്കകം പൊതുജനപ്രതിനിധികളുടെ ഇടപെടൽമൂലം അവരുടെ സാന്നിധ്യത്തിൽ മാനേജുമെൻറും നമ്മുടെ സംഘടനാപ്രസിഡൻറും പ്രിൻസിപ്പലുമായി ചില ധാരണകളിലെത്തുകയും, പ്രിൻസിപ്പൽ ആ ധാരണകൾ ഒരു കരാറിന്റെ രൂപത്തിൽ പ്രസിഡൻറിന് എഴുതിക്കൊടുക്കുകയും ചെയ്തതനുസരിച്ച്, സമരം പിൻവലിക്കപ്പെടുകയുംചെയ്തു. എന്നാൽ ഒരു മാസത്തിനുശേഷവും കരാർ നടപ്പിലാക്കുവാൻ പ്രിൻസിപ്പലും മാനേജുമെൻറും തയ്യാറായില്ല. അതിനെത്തുടർന്നു 1968 നവ: 13-ാംനു- മുതൽ രണ്ടാഴ്ച നീണ്ടുനിന്ന മറെറാരു സമരംകൂടി നടത്തേണ്ടിവന്നു. സമരത്തിലേർപ്പെട്ടിരുന്ന ശ്രീ. വി. കൃഷ്ണൻനായർ എന്ന അദ്ധ്യാപകൻ ഒരു അനുരഞ്ജനസംഭാഷണത്തിനിടയ്ക്കു വച്ചു ഹൃദയസ്തംഭനംമൂലം നിര്യാതനായ ദാരുണസംഭവവും ഇതോടനുബന്ധിച്ചുണ്ടായി. സംഘടനയ്ക്കുവേണ്ടി ജീവൻ തന്നെ ബലികഴിക്കേണ്ടിവന്ന ശ്രീ. കൃഷ്ണൻനായർക്ക് നമ്മുടെ ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളട്ടെ. മുകളിൽ പറഞ്ഞ ദുഃഖകരമായ സംഭവംപോലും മാനേജുമെൻറിൽ മാ-ൻഷമായ പ്രതികരണങ്ങൾ ഉളവാക്കിയില്ല. തന്മൂലം കാലടി കോളേജുപ്രശ്നം നിയമസഭാവേദിയിലും സർവ്വകലാശാലത്തിലും ഉന്നയിക്കപ്പെടുകയും അവിടെ നടന്ന ചർച്ചകളെ

ടെ ഫലമായി യൂണി. സിൻഡിക്കേററ് പ്രശ്നപരിഹാരത്തിനായി ഒരു അഡ്-ഹോക് കമ്മററിയെ നിയമിക്കേണ്ടിവരികയുംചെയ്തു. ഈ കമ്മററിയുടെ തീരുമാനങ്ങളെല്ലാം തന്നെ പൂർണ്ണമായി അംഗീകരിച്ചു നടപ്പിലാക്കിക്കൊള്ളാമെന്നു ബന്ധപ്പെട്ട കക്ഷികൾ രേഖാമൂലം സമ്മതിച്ചിട്ടുണ്ട്: അദ്ധ്യാപകതാല്പര്യങ്ങൾ പരിരക്ഷിച്ചുകൊണ്ട്, അഡ്ഹോക് കമ്മററി നീതിപൂർവകമായ ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതായി അറിയുന്നു. മാനേജുമെൻറിൻെറ ഭാഗത്തുനിന്നു വീണ്ടും കരാർലംഘനമുണ്ടാകുകയില്ലെങ്കിൽ "കാലടി കോളേജ്പ്രശ്നം" പരിഹരിക്കപ്പെടുമെന്ന് ആശിക്കാം.

## പബ്ളിസിററി

എക്സിക്യൂട്ടീവ് ബോർഡിൻെറയും കൗൺസിലിൻെറയും യോഗനടപടികളും മററു സർക്കുലറുകളും എല്ലാ യൂണിററുകൾക്കും യഥാകാലം അയച്ചിട്ടുണ്ട്. 1968 ഫെബ്രുവരിയിലെ സമരത്തോടനുബന്ധിച്ച്, കോഴിക്കോട്ടും കോട്ടയത്തും, തിരുവനന്തപുരത്തുംവച്ച് നടത്തിയ പത്രസമ്മേളനങ്ങളിലൂടെ നമ്മുടെ പ്രശ്നങ്ങൾക്കു വേണ്ടത്ര പ്രചാരം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ സമരകാലത്തു ജനറൽസെക്രട്ടറിയും ആക്ഷൻ കമ്മററി കൺവീനർ ശ്രീ. വി. എസ്. ഔസേഫും സമരത്തെക്കുറിച്ചുള്ള സർക്കുലറുകളും നിർദ്ദേശങ്ങളും വേണ്ടസമയത്ത് യൂണിററുകളെ അറിയിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. യൂണിവേഴ്സിററി ബില്ലിൻെറ കാര്യത്തിൽ നമുക്കനുകൂലമായവിധം പൊതുജനാഭിപ്രായം സംഘടിപ്പിക്കുന്നതിനുവേണ്ടി കോഴിക്കോട്, കോട്ടയം, കൊല്ലം, ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽവച്ച് പത്രസമ്മേളനങ്ങളും പൊതുസമ്മേളനങ്ങളും നടത്തുകയുണ്ടായി. പ്രസിഡൻറും ജനറൽ സെക്രട്ടറിയും റിപ്പോർട്ടുകാലത്തു നമ്മുടെ പ്രശ്നങ്ങളെക്കുറിച്ചു നടത്തിയ വിവിധ പത്രപ്രസ്താവനകളും അസോസിയേഷൻെറ പ്രചരണത്തിൽപ്പെടുന്നു. നമ്മുടെ പ്രസ്താവനകളും പ്രവത്തനറിപ്പോർട്ടുകളും ചില ദിനപ്പത്രങ്ങൾ അർഹിക്കുന്ന പ്രാധാന്യം നൽകി പ്രസിദ്ധീകരിക്കാതിരിക്കുകയോ വളച്ചൊടിക്കുകയോ ചെയ്തിട്ടുണ്ടെങ്കിലും പൊതുവെ പൊതുജനജിഹ്വകളായ ദിനപ്പത്രങ്ങൾ നമ്മുടെ പ്രവത്തനങ്ങൾക്കു വേണ്ട സഹായസഹകരണങ്ങൾ നൽകിയിട്ടുണ്ട്. അവർ ചെയ്തുതന്ന ഈ മഹത്തായ ഉപകാരത്തിന് അസോസിയേഷനുള്ള ഹൃദയംഗമമായ കടപ്പാടു രേഖപ്പെടുത്തിക്കൊള്ളട്ടെ.

വളരെ അധികം അംഗങ്ങളുള്ളതും അഖിലകേരളവ്യാപ്തിയോടുകൂടിയതുമായ എ. കെ. പി. സി. ററി. എ.യ്ക്ക്, സുസംഘടിതവും ഏകതാനവുമായ ഒരു പ്രചരണവിഭാഗം അത്യന്താപേക്ഷിതമായിത്തീന്നിട്ടുണ്ട്. ഇതിൻെറ ചുമതല വഹിക്കുവാൻ ഊജ്ജസ്വലനായ ഒരു പബ്ളിസിററി ആഫീസറെ കണ്ടുപിടിക്കാനുള്ള ബാദ്ധ്യത ബഹുമാനപ്പെട്ട കൗൺസിലിനു വിടുകയാണ്.

## എ. കെ. പി. സി. ററി. എ. ക്വാർട്ടലി

സ്വന്തമായ ഒരു മുഖപത്രം വേണമെന്നുള്ള സംഘടനയുടെ ചിരകാലാഭിലാഷം ഇക്കൊല്ലം സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു. ഇതു ഒരു മഹത്തായ ഒരു നേട്ടമാണ്. ഈ റിപ്പോർട്ട് എ. കെ. പി. സി. ററി. എ. ക്വാർട്ടർലിയുടെ രണ്ടാമത്തെ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതിലെനിക്കു അതിയായ സന്തോഷമുണ്ട്. ഈ സംരംഭത്തിൻെറ ഉപജ്ഞാതാവും പ്രയോക്താവും നമ്മുടെ മറെറല്ലാ പ്രവത്തനങ്ങളിലുമെന്നപോലെ മുൻ പ്രസിഡൻറ് ശ്രീ. വി. ആർ. സുബ്രഹ്മണ്യമാണെന്നുള്ള കാര്യം കൃതജ്ഞതാപുരസ്സരം സ്മരിക്കുന്നു. സർവ്വകലാശാലാ വിദ്യാഭ്യാസമണ്ഡലത്തിലെ വൈജ്ഞാനികരംഗത്തിൻെറ ഒരു അനൌദ്യോഗികവക്താവായി എ. കെ. പി. സി. ററി. എ. ക്വാർട്ടലി പരിണമിക്കട്ടെ. നമ്മുടെ ഈ സംരംഭത്തിനു ലേഖനങ്ങളും പരസ്യങ്ങളും തന്നു സഹായിച്ചുകൊണ്ടിരിക്കുന്ന എല്ലാ അഭ്യുദയകാംക്ഷികൾക്കും സംഘടനയുടെ അകമഴിഞ്ഞ നന്ദി.

## സംഘടനാപ്രശ്നം

അവകാശങ്ങൾ നേടിയെടുക്കാൻ മററു മാർഗ്ഗങ്ങളെല്ലാംതന്നെ അടഞ്ഞപ്പോൾ, കേന്ദ്രതലത്തിലും യൂണിററുതലത്തിലും റിപ്പോർട്ടുകാലത്തുണ്ടായ സമരങ്ങൾ നേട്ടങ്ങളുടെയും കോട്ടങ്ങളുടേയും ഒരു സമ്മിശ്രചിത്രമാണ് നമുക്കു നൽകുന്നതു്. ബുദ്ധിജീവികളുടെ ഒരു സംഘടന ട്രേഡ്യൂണിയനിൽനിന്നു വിഭിന്നമായ വിധത്തിൽ അനുഭവങ്ങളെ വിലയിരുത്തുക സ്വാഭാവികമാണ്. അധ്യാപകരും മാനേജുമെൻറുമായുള്ള തൊഴിൽപരമായ ബന്ധത്തിൻെറ ഉപരിതലം നീക്കിയാൽ സങ്കീർണ്ണമായ ബന്ധങ്ങളുടേയും കടപ്പാടുകളുടേയും നൂലാമാലകൾ കാണാമെന്നുള്ള വസ്തുത പരിഗണിക്കുമ്പോൾ, പ്രത്യക്ഷസമരത്തിൻെറ അനുഭവങ്ങൾ നമ്മളിൽ ചിലരിൽ അന്ധാളിപ്പും പാളിച്ചകളും ഉണ്ടാക്കുന്നതും മനസ്സിലാക്കാവുന്നതേ ഉള്ളു. ഇതുമൂലം സംഘടനക്കുണ്ടായ താല്ക്കാലികമായ കോട്ടങ്ങൾ സ്ഥായിയായി ലഭിച്ച നേട്ടങ്ങളോടൊപ്പം വസ്തുനിഷ്ഠമായി വിലയിരുത്താനും കാര്യങ്ങളെ സത്യസന്ധമായി കാണാനും ഓരോ പ്രൈവററ് കോളേജധ്യാപകനും തയ്യാറായാൽ സംഘടനയുടേയും നമ്മുടേയും ഭാവി ശോഭനമാകും.

നമ്മുടെ സംഘടനയിലൂടെ പ്രൈവററ് കോളേജധ്യാപകനു കൈവന്നിട്ടുള്ള നേട്ടങ്ങൾ നിക്ഷിപ്തതാല്പര്യങ്ങൾക്കു നഷ്ടങ്ങളായി പരിണമിക്കാതെ നിർവാഹമില്ല. ഇതിൽനിന്നുളവാകുന്ന നൈരാശ്യബോധം; നമ്മുടെ സംഘടിതശക്തിക്കെതിരായി ചിന്താകുഴപ്പത്തിൻെറ ധൂമപ

ടലം സൃഷ്ടിച്ച് മുതലെടുപ്പു നടത്താൻ മുതിരുന്നതും അപ്രതീക്ഷിതമല്ല. ഇതിന്റെ ഭാഗമായി അസത്യപ്രചരണങ്ങളും മിഥ്യാരോപണങ്ങളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്: അധ്യാപകപ്രസ്ഥാനമാകുന്ന മഹാവൃക്ഷത്തിലുണ്ടായ വ്യക്തിവിദ്വേഷത്തിന്റെയും സ്ഥാനമോഹത്തിന്റെയും ചില വളഞ്ഞ കമ്പുകൾ "കോടാലിക്കൈ"കളായി രൂപാന്തരപ്പെട്ട് ചില താല്പര്യങ്ങളുടെ വൈരനിര്യാതനപ്രവണതകൾക്ക് ഉപയോഗപ്പെട്ടുകൊണ്ടിരിക്കുന്ന ദാരുണമായ പ്രതിഭാസം പ്രൈവററ കോളേജധ്യാപകന്റെ മനസ്സാക്ഷിയോടുള്ള അടുത്തകാലത്തുണ്ടായ ഏററവും വലിയ വെല്ലുവിളിയായി തീർന്നിരിക്കുകയാണ്. കേരളത്തിലെ ഉദ്ബുദ്ധമായ പൊതുജനാഭിപ്രായം നാം എങ്ങനെ ഈ വെല്ലുവിളിയെ നേരിടുന്നു എന്നു ഗൗരവപൂർവ്വം വീക്ഷിക്കുകയാണ്. പ്രൈവററ കോളേജധ്യാപകന്റെ ബുദ്ധിപരമായ സത്യസന്ധതയും ആദർശധീരതയും ഈ വിഭാഗീയ പ്രവണതയെ വേണ്ടപോലെ നേരിട്ടുകൊള്ളുമെന്നു പ്രത്യാശിക്കാം.

സമരങ്ങളുടെ സാധനാപാഠങ്ങളും അവ സംഘടനാതലത്തിലുണ്ടാക്കിയിട്ടുള്ള പ്രതികരണങ്ങളും പുതിയ കോളേജുകളുടേയും പുതിയൊരു സർവകലാശാലയുടേയുംതന്നെ ആവിർഭാവവും സംഘടനാപരമായ ചില മാററങ്ങൾ അനുപേക്ഷണീയമാക്കിയിട്ടുണ്ട്. തന്മൂലം, ഉത്തരവാദിത്വങ്ങളുടെ വികേന്ദ്രീകരണം അടിസ്ഥാനമാക്കിയിട്ടുള്ള ചില ഭരണഘടനാഭേദഗതികൾ ആവശ്യമായിത്തീർന്നിരിക്കുന്നു. കൂടുതൽ കെട്ടുറപ്പുള്ള ഒരു കേന്ദ്രസംഘടനക്കുള്ളിൽ ഫലപ്രദമായ ശാഖാപ്രവർത്തനം സുഗമമാക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രസ്തുത ഭേദഗതികൾ ബഹുമാനപ്പെട്ട കൗൺസിലിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി ഈ സമ്മേളനത്തിൽതന്നെ സമർപ്പിക്കുന്നുണ്ട്.

കേരള ഗവർമ്മെൻറിന്റെ ആസ്ഥാനമായ തിരുവനന്തപുരത്ത് നമ്മുടെ സംഘടനയുടെ വകയായ ഒരു കെട്ടിടവും ആഫീസും ഇല്ലാത്തതിന്റെ വിഷമതകൾ പലപ്പോഴും നമുക്ക് അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഇതിനെക്കുറിച്ച് ഗാഢമായി ആലോചിക്കേണ്ട സമയം വളരെ അതിക്രമിച്ചുപോയി എന്നാണ് എന്റെ വിനീതമായ അഭിപ്രായം. ബഹുമാനപ്പെട്ട അംഗങ്ങളുടെ സവിശേഷമായ ശ്രദ്ധ ഇക്കാര്യത്തിൽ പതിയണമെന്ന് ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ.

## നേടാനുള്ള ലക്ഷ്യങ്ങൾ

17–2–68–ൽ കേരള സർക്കാർ നമ്മുടെ **സംഘടനയ്ക്കു** നൽകിയ ഉറപ്പിൽ സേവനഭദ്രതയെ **സംബന്ധിക്കുന്ന** നിയമനിർമ്മാണപരമായ ഭാഗം മാത്രമേ പാലിക്കപ്പെട്ടിട്ടുള്ളൂ. സാമ്പത്തികബാദ്ധ്യത ഉൾക്കൊള്ളുന്ന **'തുല്യജോലിക്ക് തുല്യവേതനം'**, ഗവർമ്മേണ്ട് കാളേജുകളിൽ **നിലവിലുള്ള** ലക്ചറർമാരും പ്രൊഫസർമാരും (സെക്കൻഡ് ഗ്രേഡ്) ആയുള്ള അനുപാതക്രമം പ്രൈവററ കോളേജുകൾക്കും ബാധകമാക്കുക, പെൻഷനും ഗ്രാററുവിററിയും, 1–4–1966–ലെ വേതനനിരക്കുകളുടെ കാര്യത്തിൽ വരുത്തിയിട്ടുള്ള ചില പ്രത്യേക നിയന്ത്രണങ്ങൾ എന്നീ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ ശേഷിക്കുകയാണ്. ഈ പ്രശ്നങ്ങൾക്കെല്ലാംതന്നെ സത്വരമായ പരിഹാരം കാണേണ്ടതുണ്ട്. സർവ്വകലാശാലാനിയമത്തിന്റെ കാര്യത്തിൽതന്നെ നമ്മെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ പ്രശ്നം അതു ഫലപ്രദമായി നടപ്പാക്കി കിട്ടുകയെന്നുള്ളതാണ്. ഇതു്, സർവ്വകലാശാല സമിതികളിൽ അധ്യാപകർക്കും അധ്യാപകേതരർക്കുമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രാതിനിധ്യം നമ്മുടെ സംഘടനാപ്രതിനിധികൾക്കും അധ്യാപകബന്ധുക്കൾക്കും ലഭിക്കുന്നതിനെ മാത്രമാണ് ആശ്രയിച്ചിരിക്കുന്നത്. നമ്മുടെ നിരന്തരമായ ജാഗ്രതയിലും അചഞ്ചലമായ സംഘടനാബോധത്തിലുമാണ് പുതിയ സർവ്വകലാശാലാനിയമത്തിന്റെ പ്രവർത്തനക്ഷമതയും പ്രായോഗികപ്രയോജനവും നിലനില്ക്കുന്നതെന്ന് വിനയപൂർവ്വം അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

തുല്യജോലിക്ക് തുല്യവേതനമെന്ന നമ്മുടെ ചിരകാലപ്രശ്നത്തിന് പുതിയ ശമ്പളകമ്മീഷന്റെ ശുപാർശകൾ കൂടുതൽ ഗൗരവസ്വഭാവം നല്കിയിരിക്കുകയാണ്. ജൂനിയർ ലക്ചറർ, ലക്ചറർ, രണ്ടാംഗ്രേഡ് പ്രഫസ്സർ എന്നീ തസ്തികകൾക്ക് സ്വാഗതാർഹമായ നിരക്കുകളാണ് കമ്മീഷൻ ശുപാർശചെയ്തിരിക്കുന്നത്. രണ്ടാംഗ്രേഡ് പ്രഫസർമാർക്ക് 400–900ക. എന്ന സ്റ്റെയിലാണ് നിർദ്ദേശിച്ചിരിക്കുന്നത് എങ്കിലും പ്രമോഷൻ കിട്ടി പ്രഫസർമാരാകുന്നവർക്ക് 550ക. പ്രാരംഭശമ്പളമായി നല്കുവാനാണ് നിർദ്ദേശം. നിലവിലുള്ളതിൽനിന്ന് സാരമായ വ്യത്യാസങ്ങളോടുകൂടിയ ഇൻക്രീമെൻറും ഈ മൂന്നു വിഭാഗക്കാർക്കും ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| തസ്തിക | പ്രൈവററ് കോളേജിൽ നിലവിലുള്ള ശമ്പള സ്റ്റെയിൽ | പുതുതായി ഗവഃ കോളേജിലേക്ക് ശുപാർശചെയ്തിരിക്കുന്നത് |
|---|---|---|
| ജൂനിയർ ലക്ചറർ | 175–10–275 | 190–10–260–230 |
| ലക്ചറർ | 300–20–400 25–600 | 325–25–500 30–650–35–685–40–725 |
| പ്രഫസർ (ഗ്രേഡ് II) | 400–30–640–800 | 400–25–450–30 480–35–550–40 750–50–900 |

കൂടാതെ ലക്ചറർമാരെ 15 കൊല്ലം സർവ്വീസ് തികയുമ്പോൾ രണ്ടാംഗ്രേഡ് പ്രഫസർമാരായി പ്രമോട്ടചെയ്യണമെന്ന് മറെറാരു പ്രധാന ശുപാർശയുമുണ്ട്.

ഗവമ്മെണ്ടിൽനിന്നും നേരിട്ടു ശമ്പളം നല്കുന്ന രീതിയിലൂടെ ഗവ: സ്കൂൾ അധ്യാപകക്ക് ലഭിക്കുന്ന ആനുകൂല്യം പ്രൈ: സ്കൂൾ അധ്യാപകക്ക് ലഭിക്കുന്നതുപോലെ ഗവ: കോളേജധ്യാപകക്ക് ശുപാർശചെയ്തിട്ടുള്ള വേതന നിരക്കുകൾ പ്രൈ: കോളേജധ്യാപകക്ക് ബാധകമല്ലെന്ന വസ്തുത ഈ സന്ദർഭത്തിൽ ഓക്കേണ്ടതുണ്ട്. ഒരു സമരം കൂടാതെ ഈ പ്രയോജനം നമുക്കു ലഭ്യമാക്കാനുള്ള ദീഘവീക്ഷണം ഗവമ്മെണ്ടിൽനിന്ന് പ്രതീക്ഷിക്കുന്നത് മുൻ അനുഭവങ്ങൾക്ക് നിരക്കാത്തതിനാൽ മററു പ്രശ്നങ്ങളോടൊപ്പം ഇതിനും പരിഹാരം കാണാനുള്ള ബാദ്ധ്യത പുതുതായി തിരഞ്ഞെടുക്കപ്പെടുവാൻ പോകുന്ന ഭാരവാഹികൾക്ക് വിട്ടുകൊള്ളട്ടെ.

അസ്വാസ്ഥതകൾകൊണ്ടും സമരങ്ങൾകൊണ്ടും സങ്കീണ്ണവും പ്രക്ഷുബ്ധവുമായ ഈ കാലഘട്ടത്തിൽ അസോസിയേഷൻെറ പ്രവത്തനം എല്ലാവക്കും തൃപ്തികരമായവിധത്തിൽ നടത്താൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വ്യാമോഹം എനിക്കില്ല. എൻെറ പരിമിതികളെക്കുറിച്ച് ഞാൻ തികച്ചും ബോധവാനാണ്. ജനറൽസിക്രട്ടറി എന്ന നിലയിൽ എൻെറ ചുമതലകൾ നിർവ്വഹിക്കുന്നതിന് എനിക്കു വേണ്ട പ്രചോദനവും മാഗ്ഗദശനവും യഥാസമയം നല്കി എന്നെ സഹായിച്ചിട്ടുള്ള പ്രസിഡൻറ് ശ്രീ. സി. ഇസഡ്. സ്കറിയായോട് എനിയ്ക്കുള്ള അകമഴിഞ്ഞ നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളട്ടെ. അദ്ദേഹത്തോടൊപ്പം സംഘടനയുടെ ഭാരവാഹിത്വം ഏൽക്കേണ്ടിവന്നത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. ശാരീരികാസ്വാസ്ഥ്യങ്ങളെ അവഗണിച്ചുകൊണ്ട്, പ്രശ്നങ്ങളേയും പ്രതിസന്ധികളേയും നേരിടേണ്ടിവന്നിട്ടുള്ളപ്പോഴെല്ലാം ക്ഷീണിക്കാത്ത മനീഷയും പരാജയപ്പെടാത്ത കമ്മകുശലതയുംകൊണ്ട് ആവേശവും ധൈര്യവും പകന്നുതന്ന് എന്നെ പ്രവൃത്തിനിരതനാക്കിയിട്ടുള്ള നമ്മുടെ സംഘടനയുടെ ജീവസ്സും ഓജസ്സുമായ ശ്രീ. വി. ആർ. സുബ്രഹ്മണ്യത്തോട് എനിക്കുള്ള കടപ്പാട് നിസ്സീമമാണ്. സമരസംബന്ധമായ വളരെ അധികം ചുമതലകൾ സന്തോഷപൂർവ്വം ഏറെറടുത്ത് എൻെറ ഭാരം തുലോം ലഘൂകരിച്ച ശ്രീ. വി. എസ്സ്. ഔസേഫിനോടും ഞാൻ വളരെ അധികം കടപ്പെട്ടവനാണ്. വക്കിങ്ങ് കമ്മററിയിലും, എക്സിക്യൂട്ടീവ് ബോർഡിലും, കൗൺസിലിലുമുള്ള എല്ലാ സുഹൃത്തുക്കളും എന്നോടു കാണിച്ചിട്ടുള്ള നിഷ്കളങ്കസ്നേഹത്തിനും ആത്മാത്ഥമായ സഹകരണത്തിനും വാക്കുകളിലൂടെ കൃതജ്ഞത രേഖപ്പെടുത്തുവാൻ ഞാൻ അപ്രാപ്തനാണ്. എല്ലാത്തിനുമുപരി ഹൃദയംഗമമായ സഹകരണത്തിനും ആവേശപൂണ്ണമായ മാഗ്ഗദശനത്തിനും അസോസിയേഷനിലെ എല്ലാ അംഗങ്ങളോടും എനിക്കുള്ള നന്ദിയും കൃതജ്ഞതയും പ്രകാശിപ്പിച്ചുകൊള്ളട്ടെ.

നമ്മുടെ സംഘനടക്കും നിങ്ങൾക്കെല്ലാവക്കും നന്മകൾ നേന്നുകൊണ്ട്, നിങ്ങളുടെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി ഈ റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

നിങ്ങളുടെ വിശ്വസ്ഥൻ,

ഒററപ്പാലം,
23-2-1963

ആർ. രാമചന്ദ്രൻനായർ,
ജനറൽ സെക്രട്ടറി.

# Opinion given by Sri. V. R. Krishna Iyer on the inadequacy of the provisions relating to conditions of service of Private College Teachers In the Kerala University Bill

The principal clauses in the Bill regulating and protecting the conditions of service of teachers of colleges, particularly, private colleges are 53 and 54. Clause 54 merely extends the provisions of section 53 to teachers in private colleges.

I believe that if there was force in the criticism that primary education wss treated as a trade and the teachers in schools were being exploited as part of the trade, there is equal force in the contention that teachers of private colleges are also victims of similiar forces, at collegiate level though what is more, the structure of the university and its various bodies has been such that upto now no effective protection has been enjoyed by teachers of private colleges.

The facts are:

(1) the field of collegiate education is occupied by powerful communal and religious interests and groups:

(2) Running of colleges is a matter of profit and of influence and power in many ways;

(3) The teachers of private colleges, shame to say, do not enjoy the protection that teachers of lower primary schools have at present.

The objectives of the legislation must be stated in a straigh forward manner before one can find out whether they are being implemented. The evils sought to be eradicated must be honestly and clearly stated and agreed upon. Then alone the measures for suppressing the mischief can be enacted. Do we agree that private college teachers are now largely at the mercy of the managements and deserve protection? If there had been a clamour from the Guruvayurappan College there are numberless mute martyrs in the institutions run by the N. S. S., the S. N. D. P. and the Catholic and other churches. Of course, we do not like to plainly put these facts before the public but they are undeniable realities. If the legislature decides that Professors and lecturers of colleges are entitled to the same protection as pedagogues in primary schools, then it is time that we devise suitable legislative armour to protect them.

What has been the experience since 1957? Before that period, there has been hardly any assistance extended to the collegiate staff against the vested interests of the management. The decade between 1957 and '67 bears witness to a large number of cases where dismissals and degradations of lecturers, Professors and Principals have been threatened and effected without any law to come to their rescue. As a lawyer I have had to handle quite a number of cases where teachers in colleges and even Principals have been thrown out unceremoniously without so much of compliance with even natural justice. In short, today the teacher in these institutions of higher education is a helpless creature. To substantiate my thesis with instances is easy but unpleasant.

The Ordinances are hardly a protection as at present. There is a provision that the Board of Management must be according to the prescriptions in the Ordinances. It would be useful for the Government to find out how many private colleges in the Kerala State have conformed to those prescriptions and formed Boards of management. In many cases which have come to the High Court where writs were sought to be issued against the Board of Management constituted in compliance with the Ordinances, the Managements have unhesitatingly stated that there is no such Board but only some sort of advisory board and that the plenary powers of management vest in the bishop or their communal counterpart in the other patterns of the management. What action has been taken by the University upto now in this behalf? Contracts have to be entered into between the teacher and the management under the present Ordinances also and the form has been prescribed. It would be interesting to find out how many written contracts have been entered into: I say this because in many cases which have come up before the High Court the management has pleaded that no such contract as is contemplated in the Ordinances exists between the particular teacher and the management. Assuming that the University has passed Ordinances and Statutes in this behalf, what is the sanction to enforce it? There is none in the Act. And supposing there is some power given to the University, even that will prove futile since the private managements in the collegiate field have direct and indirect over representation in the institutions controlling the government of the University and

nothing effective will be taken against errant managements. Nothing effective has been known to have been taken upto now. Some chotta management or other might have been threatened. But before a powerful management its dictatorship against teachers has gone on unchallenged by the University. Therefore, it is necessary that any legislation that is contemplated must have "teeth" and such teeth must be used to bite when occasions arise. This can happen only if Government possesses teeth and not the University. I would go further and say that there must be concrete provisions by which the jurisdiction of the court can be invoked when there is a violation. It is absolute nonsense to argue that the colleges will be dragged to court by litigation too frequently. The founding fathers of the Indian Constitution chose to protect Government servants by constitutional provisions contained in Act. 311 and 309 (conditions of service prescribed under Act. 309 are enforcible through court). If the Government and the numerous statutory bodies in this country can be controlled by the courts whenever there is violation of the conditions of service prescribed by the rules, I see no reason why private college managements should enjoy immunity. It is a pity that even the primary school teacher is able to enforce his right through the writ jurisdiction of the High Court while the principal of a College stands in a much weaker position when pitted against the management. Clauses 53 and 54 of the Bill in their pious and innocuous form neither help nor harm any one. There must be express provision by which whether there is contract or not, certain conditions of service shall bind the management and the staff and will be enforcible through the court. The clumsy provision for arbitration has never been known to work and will never give speedy relief. No teacher requires arbitration two years after he is turned out into the streets. Something immediate to prevent injury can be secured not by the present provisions for arbitration but by a quick acting remedy enforcible through an independent authority, whether it be a tribunal presided over by a District Judge or by the High Court itself. Autonomy to perpetrate injustice without challenge is another word for autocracy. There is no difficulty in enacting provisions because we have the example of the Kerala Education Act and Rules. Nor is it any good saying that the matter may be relegated to Statutes and Ordinances. As in the Municipalities Act and the Panchayats Act we can have schedules and annexures to the statutes which will contain conditions of service and other protective mantle. The question is whether there is a preparedness to strike at the mischief which is notoriously widespread.

Another point of importance may also be mentioned here: In the private market of education abuses were noticed by none other than Sri. C. Rajagopalachari when he was the Chief Minister of Madras and he for the first time introduced the system of direct payment. Not that he was a revolutionary but he insisted that Government money went into the right hands at the right time without pilferage. Now the K. E. R. does the same. There is no reason why the Lecturers and other staff in the colleges should not receive direct payment from Government to the extent Government to the extent Government is paying teaching grants. If the managements are not having their finger in the pie they cannot reasonably have any objection to this course, for, a teacher who otherwise misbehaves or is incompetent can be dealt with by disciplinary action. Direct payment to teachers has not heen held to be unconstitutional in the case of elementary school teachers and there is no reason why it should be otherwise for collegiate teachers. Such a state would clench the atmosphere and the management should be happy that their reputation is not besmerched.

One of the major difficulties in enforcing rules against the management is that they claim to be private bodies not amenable to the writ jurisdiction of the court. There must be a statutory declaration that every management which receives grant from the Government will be a statutory body charged with the duty of carrying out public functions and discharging public duties as laid down in the Kerala University Act, Rules, Statutes and Ordinaces. Now that a new Bill is being introduced it will be useful to clear the air of the confused concept of minority institutions. It cannot be that the Muslims are minorities, the Marthomites are minorities, the Jacobites are minorities, the Catholics are minorities, and so also the Ezhavas and Nairs and others. A state with only minority and no majority is a political absurdity, nor can it be contended that merely because the founder or administrator of an institution belongs to a particular class or community the institution itself is a minority institution although it professedly caters to the needs of the entire public as a Government institution does. There should be a statutory definition of a minority institution so that challenges on the score of violation of Articles 26 to 29 of the Constitution can be avoided as far as possible.

There is a provision for the constitution of an Arbitration Board in the present Bill. This is nothing new because it was already laid down in the Kerala University Act earlier. Supposing the University

indefinitly delays in the matter of constituting a Board the only remedy for the party is to go to the High Court for a writ of mandamus to compel the University to constitute a Board and then, after the constitution of the Board it will take its own time. Within what time should a Board be constituted? Who will bear the expenses of the Board's work? There are quite a number of other questions It may be said that all these matters could be covered by Ordinances or Statutes. But the fact remains that nothing has been done like that up to now. There is no effective remedy if disputes are left to be settled by an arbitration board to be constituted with the co-operation of both parties. The teacher is the weaker party and is the weakest when he is dismissed. To put him to the need of invoking the protracted jurisdiction of the University to constitute an arbitration board is as good as denying him relief.

(Sd.) V. R. KRISHNA IYER.

## The legal opinion given by Sri. S. Narayanan Poti, Advocate, Ernakulam, on the inadequacy of the Provisions of the University Bill to ensure security of tenure for Private College teachers and the need for direct payment for salaries by the Government.

S. NARAYANAN POTI, Advocate.

Ernakulam-8, 10th December, 1967.

I have gone through the Kerala University Bills 1967 to see how far it provides for conditions of service of teachers in private colleges with special emphasis on security of tenure. After reading the whole Bill I do not see any change in the set up from what it was under the earlier University Act and Statutes and Ordinances thereunder. The Act in its preamble mentions one of its objects as enabling the University to exercise due control over the quality of the teaching given by colleges affiliated to it. If we go down to the actual provisions in the Act we find them wholly inadequate to achieve its end.

It is true that there are a number of provisions which indicate that the legislature is making an attempt to secure proper conditions of service for such teachers ensuring proper salary and its payment, ensuring protection against arbitrary action including dismissal etc. Thus for example S. 5 dealing with the power of the University Sub-Clause (xii) mentions the power to regulate the emoluments and prescribe the duties and conditions of service of teachers of Private Colleges and sub-clause (xxi) confers powers for inspection of affiliated colleges and sub-clause (xxiii) the power to affiliate colleges in accordance with the conditions to be prescribed by statutes, ordinances and regulations and regarding management, pattern of staff, salary and terms of service of the members of the staff and to withdraw affiliation from colleges. Again in dealing with the powers of the Syndicate Section 20 Clause (xiii) enables the Syndicate to regulate the emoluments and prescribe the duties and conditions of the service of teachers in private colleges. Section 30 enables the Syndicate to make ordinances providing for the conditions of service of teachers and other employees in private colleges including conditions of service as to salary and security of appointment. Then coming to S. 54 the provisions of S. 53 are made applicable to teachers in private colleges thereby providing for a written contract between the teacher and management with a board of arbitration to decide disputes arising under the contract. At first blush it will appear that if the ordinances are made by laying down the conditions of service and in ensuring security of appointments these being binding upon the private colleges there will be sufficient guarantee of fair treatment by the management towards teaching staff. But a careful analysis of the provisions and an investigation into the sanction behind these provisions will expose the inadequacy of these provisions for the real attainment of the object as a matter of fact and practice. These provisions are no better from the practical stand point than the Directive Principles of State Policy mentioned in Chapter IV of the Constitution of India which are made justiceable by Article 37.

Any law or rule, if it is to be observed in an imperative way, must have a compelling force or what is called sanction behind it. A law without sanction can only be a pious hope when no evil consequence is attached to its violation. Any law in order to be really effective demands an active machinery for securing compliance with its rules. With this background in mind we will have to examine the provisions referred to above. I do not see any provision by which a recalcitrant management which unfairly deals with a teacher either in the matter of demotion or dismissal or other piece of victimisation could be compelled by a fear of evil consequences to rectify its unjust or discriminatory action towards the teacher excepting the extreme and drastic action that the University can take by withdrawing affiliation from the institution concerned. This action, however, is not a feasible one as the composition of the Senate does not ensure any strong voice for the teaching

staff. Again the procedure of arbitration affords no guarantee for fair treatment. For one thing even though a written contract is envisaged our experience in the past has shown that in most cases there has been no written contract between the teacher and the management. Secondly a teacher who has been dismissed cannot wait for the reference and enquiry by the Board of Arbitration which may sometimes take years. Thirdly assuming that an award is passed in favour of the teacher I do not see any machinery in the Act for the effective implementation of the award. The provisions in respect of Arbitration excludes the jurisdiction of Court to try any matter involved in the decision of the Board. This provision therefore excludes the filling of an award in a Court of law and the passing of a decree by the court on the basis of the award. If this bar had not been introduced an award of the Board of Arbitration might have been embodied in a decree of court and executed by the court as a decree.

As the management of a private college has not been constituted as a statutory authority in the Bill it will not be amenable to the jurisdiction of the High Court in a proceedings under Art. 226 of the constitution. The relationship between the management and teacher will be considered only as based on a contract between master and servant, and therefore even in case of gross victimisation of a teacher by a prejudiced management the court of the land will have no jurisdiction to interfere and ensure justice-vide Ramavarma V. Cochin Devaswom Board (1966 K. L. J. Page 1019.)

There are a number of private colleges owned by agencies like the Travancore Devaswom Board, Cochin Devaswom Board, N. S. S, S. N. D. P., the Churches etc. and ever since the constitution conferred the powers to issue writs like certiorari, prohibition etc. on the High Courts, attempts have been made before the High Court to challenge the action of such managements on the ground of victimisation, violations of principles of natural jutice, discrimination etc. These actions have ended in failure to the teacher mostly on the technical-ground either that the management is not a statutory authority or that the matter is purely one of contract between the master and servant and therefore outside the scope of the writ jurisdiction. It is well known that Government servants are fully protected against arbitrary action by Art. 311 of the Constitution and also by statutory rules made under Art. 309 of the Constitution. There is no reason why teachers in private collgees who hold a highly responsible post should not also be protected against arbitrary actions by private managements. This principle as a principle has been accepted in the Bill and the only question is whether the provisions are sufficient to give effective protection. I have indicated above the reason that as they stand they do not afford any effective safeguard against arbitray action. As I said unless there is machinery to enforce the provisions intended for the protection of the teacher by tking to task the recalcitrant management the provisions will remain only as pious hopes.

The large body of teachers in private schools are amply protected by the provisions of the Kerala Education Act, 1958 and the rules framed thereunder. Such of those provisions in that Act and the Rules are aimed at affording better service conditions should at least have been incorporated in the Bill. For example in the matter of payment of salary to the great relief of teachers S. 9 of the Act provides that the Government shall pay the salary of all teachers in aided schools direct or through the Headmaster. I do not find any justifiable reason why such a provision cannot be enacted in the University Act also. Such a provision will be essential for ensuring the security of tenure of the teaehing staff in Private Colleges. As the Private schools used to get grant in aid the Private collegs are now getting substantial grants and that is an additional justification for introducing the system of direct payment of the salary. By doing so no harm is caused to the management but a lot of avoidable delay and inconvenience could be forestalled. That sytem is working well with the aided schools and there is no complaint from the managements' side even. Opposition or protests from the managements is possible as it has happened at the initial stage when the Education Act was passed; but time will water down the opposition and the results will satisfy all concerned.

Even though the Syndicate has been empowered to make Ordinances [providing for the conditions of service of teachers (vide S. 30 [e]) the provisions should have been more effective and enforceable in a court of law. A provision like Section 12 (2) of the Education Act should very well have found a place in the Bill also and the same is quoted here for reference:

*"12 ... ... ...*

*(2) No teacher of an aided school shall be dismissed, removed or reduced in rank by the manager without the previous sanction of the officer authorised by the Government in this behalf, or placed under suspension by the manager for a continuous period exceeding fifteen days without such previous sanction."*

By incorporating this into the Bill a statutory safe-guard could be enacted in the matter of the service conditions of the teachers instead of delegating these basic aspects of legislative character to be dealt with in the Ordinance.

One penal provision aimed at the observance by the management of the provisions of the Act could be read in S. 5 (xxiii) of the Bill: but that is inadequate, if not inapplicable, to meet a situation where the management disregards the service conditions of the teachers. To keep the managements well within bounds definite provisions have to be incorporated, at any rate the statute cannot be silent on those aspects as well. By implementing S. 47 the management could be taken over by the Government but only when it appears to it necessary to do so in the public interest. As provided in S. 14 of the Education Act taking over has to be made possible also in cases where the management neglects to perform or violates any of

the duties imposed by or under the University Act, Statutes or Ordinances.

By, incorporatiog at lent the above aspects also in the Bill the grievances of the teachers could be redressed to some extent and I hope effect will be given to what are indicated above.

Yours faithfully.
(Sd.)
S. Narayanan Poti

To
The Secretary,
All Kerala Private College Teachers' Association:

**Press Release issued by the Govt. conceding the main demand of the Association.**

The Honourable Minister for education held discussions with the representatives of the All Kerala Private College Teachers' Association on 8-2-1968 on the demands raised by them as per their letter dated 20th January 1968. He held discussions on the same matter with the representatives of the Private College Managers' Association also on 16-2-1968. And after holding further discussions with the representatives of the Teachers' Association today, the Minister has great pleasure in giving the Association an assurance that the Goverment would do their best to incorporate adequate provisions in the Kerala University Bill to ensure justiciable rights as regards security of servise and just service conditions for Private College teachers with necessary powers for Govt. to enforce the service conditions effectively.

In the light of the assurances given, the Minister is happy to note that the Association has agreed to withdraw the strike. The Minister hopes that there will not be any victimisation measures from the managements against those who took part in the strike or in any way connected with it and that statusquo ante would be restored.

Dated the 18th February 1968,
"Approved for issue."
For Secretary to Govt.

**Letter of assurance from the Secretary for Education, Govt. of Kerala.**

GOVERNMENT OF KERALA

Education Department,
Trivandrum
Dated: 17-2-1968.

From
The Secretary to Government.

To
The President,
All Kerala Private College Teachers' Association.

Sir

Sub: DEMANDS OF THE ASSOCIATION

With reference to the following demands put forth by the Association I am directed to inform you as follows.

1. Implementation of the original Fourth Plan U. G. C. scales in toto.

2. Immediate full implementation of the present U. G. C. Scales approved by the Government in all Colleges and rectification of the anomalies contained in the G. O. and the disbursement of the arrears of salary and D. A.

3. Introduction of retirement benefits including gratuity, pension and Provident Funds in all Colleges and for all members of the staff.

4. Effective action redressing grievances in the memoranda submitted by the teachers in the N. S. S. and S. N. Colleges to the Government and the University.

Demands Nos. 1 & 2

The Director of Collegiate Education will be instructed to ensure that all the managements give effect to the pay revision sanctioned by Government wtth effect from 1-4-1966. The anomalies viz., the disparity in a minimum of scale of the post of Assistant Professor and the denial of proportion between the cadres of Professors and Lecturers admissible to teachers in Government Colleges etc. will be reopened and examined.

Demand No. 3.

The University is seized of the matter and the Government would request the University to take an early decision on the question.

Demand No. 4.

The matter is under consideration of Government and steps would be taken to expedite decision.

Yours faithfully,
Sd/-
For Secretary to Government.

Statement about ownership and other particulars about newspaper A. K. P. C. T. A. Quarterly to be published in the first issueevery year after last day of February.

FORM IV

( See Rule 8 )

| | | |
|---|---|---|
| 1. | Place of Publication | Trichur |
| 2. | Periodicity of its publication | Quarterly |
| 3. | Printer's Name | V. R. Subrahmaniam |
| | Nationality—whether citizen of India | Indian |
| | Address | Brindavan, Mannath Lane, Trichur-1, Kerala. |
| 4. | Publisher's Name | V. R. Subrahmaniam |
| | Nationality—whether citizen of India | Indian |
| | Address | Brindavan, Mannath Lane, Trichur-1, Kerala |
| 5. | Editor's Name | V. R. Subrahmaniam |
| | Nationality—whether citizen of India | Indian |
| | Address | Brindavan, Mannath Lane, Trichur-1, Kerala. |
| 6. | Names and address of individuals who own the newspaper and partners or shareholders holding more than one per cent of the total capital. | All Kerala Private College Teachers' Association. |

I, V. R. Subrahmaniam, hereby declare that the particulars given above are true to the best of my knowledge and belief.

(Sd.) V. R: Subrahmaniam.

Date: 23—3—1969

Signature of Publisher

Registration No:— R. N. 17055 / 68.

FOR

Opera

BANIANS

FASHION FABRICS

TRICHUR